بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ    نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ    وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 2

ലക്കം 5

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 ഫെബ്രുവരി 02/ഹി:ശം:1396 തബ്ലീഗ് 02/ഹി:ഖ: 1438 ജ.അവ്വൽ 04


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 30-12-2016ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടനിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**ആരാണോ ഇറങ്ങേണ്ടിയിരുന്നത് അയാൾ കൃത്യസമയത്ത് ഇറങ്ങിയിരിക്കുന്നുവെന്ന് ഓർത്തുകൊള്ളുവിൻ. ഇന്ന് എല്ലാ പ്രവചനങ്ങളും പൂർത്തിയായി. എല്ലാ നബിമാരുടേയും ഗ്രന്ഥങ്ങൾ ഇക്കാലത്തെ കുറിച്ച് പറഞ്ഞിട്ടുണ്ട്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

*"ആരാണോ ഇറങ്ങേണ്ടിയിരുന്നത് അയാൾ കൃത്യസമയത്ത് ഇറങ്ങിയിരിക്കുന്നുവെന്ന് ഓർത്തുകൊള്ളുവിൻ. ഇന്ന് എല്ലാ പ്രവചനങ്ങളും പൂർത്തിയായി. എല്ലാ നബിമാരുടേയും ഗ്രന്ഥങ്ങൾ ഇക്കാലത്തെ കുറിച്ച് പറഞ്ഞിട്ടുണ്ട്. ആദംമുതൽ ആറായിരത്തിന്റെ അവസാനത്തിൽ വാഗ്ദത്ത മസീഹ് വരുമെന്ന് തന്നെയാണ് ക്രിസ്ത്യാനികളുടേയും വിശ്വാസം. ഇക്കാലത്ത് വാഗ്ദത്ത മസീഹ് വരേണ്ടത് നിർബന്ധമായിരുന്നു. ആറായിരം വർഷത്തിന്റെ അവസാനം ആയിക്കഴിഞ്ഞിരിക്കുന്നു. അതിനുമുമ്പേ വാൽനക്ഷത്രം ഉദിക്കുമെന്ന് എഴുതിയിരിക്കുന്നു. അത് ഉദിച്ചിട്ട് കാലങ്ങളായി. ആ ദിനങ്ങളിൽ സൂര്യനും ചന്ദ്രനും ഒരേ റമളാൻ മാസത്തിൽ ഗ്രഹണമുണ്ടാകുമെന്നും എഴുതിയിരുന്നു. ഈ പ്രവചനവും പുലർന്നിട്ടു കാലങ്ങളായി. അദ്ദേഹത്തിന്റെ കാലത്ത് ശക്തമായ നിലയിൽ പ്ലേഗുണ്ടാകുമെന്നുള്ള പ്രവചനവും ബൈബിളിലുണ്ട്. പ്ലേഗ് ഇതുവരെ പിന്നിൽനിന്ന് മാറിയിട്ടില്ലെന്ന് കാണുന്നു."*

*(തദ്ക്കിറത്തുശഹാദത്തയ്ൻ പേജ് 24)*

**2016ൽ നടന്ന 122-ാമത് ഖാദിയാൻ ജൽസാ സാലാനയുടെ റിപ്പോർട്ട്**
**(ജൽസ തുടങ്ങിയിട്ട് 125-ാമത് വർഷം)**

# അഹ്മദിയ്യാ കേന്ദ്രമായ ഖാദിയാൻ ദാറുൽഅമാനിൽ സംഘടിപ്പിച്ച വിജയകരവും അനുഗൃഹീതവുമായ 122-ാമത് ജൽസ സാലാന

*◆മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ മുഖേന അമീറുൽമുഅ്മിനീൻ സയ്യുദുനാ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലായുടെ സമാപന പ്രഭാഷണം.*
*◆42 രാജ്യങ്ങളിൽനിന്ന് പ്രതിനിധികൾ. ◆14,242 അംഗങ്ങൾ പങ്കെടുത്തു.*
*◆അമീറുൽ മുഅമിനീന്റെ സമാപന പ്രഭാഷണാവസരത്തിൽ ലണ്ടനിൽ 5230 അഹ്മദികൾ പങ്കെടുത്തു.*
*◆തഹജ്ജുദ് നമസ്കാരം. ◆ഖുർആൻ ദർസും ദൈവസ്മരണയാൽ നിറഞ്ഞ അന്തരീക്ഷവും. ◆ആദരണീയരായ ഉലമാന്റെ വൈജ്ഞാനികമായ പ്രഭാഷണങ്ങൾ. ◆സർവ്വമത സമ്മേളനം. ◆പരിചയപ്പെടുത്തിക്കൊണ്ടുള്ള അതിഥികളുടെ പ്രഭാഷണങ്ങൾ. ◆ദേശീയവും വിദേശീയവുമായ ഭാഷകളിൽ തൽസമയ തർജമ. ◆ജമാഅത്തംഗങ്ങളുടെ അറിവിൽ വർധനയുണ്ടാകുന്നതിന് വിവിധ ശിക്ഷണപരമായ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡോക്യുമെന്ററി. ◆വൈജ്ഞാനികമായ എക്സിബിഷൻ. ◆നൗ മുബായീനും, അനുകൂലികൾക്കും വേണ്ടി തബ്ലീഗ് ജൽസ. ◆26 നിക്കാഹുകളുടെ വിളംബരം. ◆പ്രിന്റ് & ഇലക്ട്രോണിക് മീഡിയായിൽ ജൽസയുടെ വിശാലമായ പ്രചാരണം. ◆സമാധാനപരവും സന്തോഷകരവുമായ കാലാവസ്ഥയിൽ ജൽസയിലെ എല്ലാ പരിപാടികളുടേയും സമ്പൂർത്തീകരണം. ◆അൽഖലം പ്രൊജക്ടിന്റെ രൂപീകരണം. ◆ഇന്തൊനേഷ്യ അഹ്മദിയ്യാ ജമാഅത്തിൽനിന്ന് 183 അംഗങ്ങൾ ചാർട്ടഡ് ഫ്ളൈറ്റിൽ ജൽസയ്ക്കെത്തി.*

**2016 ഡിസംബർ 27 ചൊവ്വാഴ്ച**
**രണ്ടാം ദിവസം ആദ്യ സെഷൻ:**

ഈ യോഗത്തിന്റെ അധ്യക്ഷൻ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ വഖ്ഫെ ജദീദ് ഖാദിയാൻ സയ്യിദ് തൻവീർ അഹ്മദ് സാഹിബായിരുന്നു. വിശുദ്ധഖുർആൻ പാരായണത്തോടെ യോഗനടപടികൾ ആരംഭിച്ചു. മുഹമ്മദ് നൂറുദ്ദീൻ സാഹിബ് ഉസ്താദ് ജാമിഅ അഹ്മദിയ്യാ ഖാദിയാൻ സൂറ നൂറിന്റെ 52 മുതൽ 56 വരെയുള്ള ആയത്തുകൾ പാരായണം ചെയ്തു. അതിന്റെ തർജമയും കേൾപ്പിച്ചു. ശേയ്ഖ് ഫാതിഹുദ്ദീൻ സാഹിബ് മുബല്ലിഗ് ഡൽഹി പദ്യം ചൊല്ലി. യോഗത്തിന്റെ ആദ്യപ്രസംഗം പ്രിൻസിപ്പൾ ജാമിഅ അഹ്മദിയ്യ ഖാദിയാൻ മൗലാനാ കരീമുദ്ദീൻ ശാഹിദിന്റേതായിരുന്നു. 'മുസ്‌ലിം ഐക്യവും ലോകസമാധാന സംസ്ഥാപനവും ഖിലാഫത്ത് അലാമിൻഹാജിന്നുബൂവ്വത്തുമായി ബന്ധപ്പെട്ടിരിക്കുന്നു' എന്നതായിരുന്നു വിഷയം. ഖുർആനിക ആയത്തിന്റെ അടിസ്ഥാനത്തിൽ പറഞ്ഞു, മുസ്‌ലിംകളുടെ ഐക്യത്തിന്റേയും അവരുടെ യോജിപ്പിന്റേയും ഏകമാർഗ്ഗം അഹ്മദിയ്യാ ഖിലാഫത്താണ്. നബി(സ)ന്റെ മരണശേഷമുള്ള ആദ്യകാലത്ത് ഖിലാഫത്ത് മുഖേനയാണ് മുസ്‌ലിംകളിൽ ഐക്യം നിലനിന്നിരുന്നത്. 30 വർഷത്തിനുശേഷം ഖിലാഫത്തിൽനിന്ന് പിൻമാറിയ കാരണത്താൽ മുസ്‌ലിംകളെ ഭിന്നിപ്പ് വലയം ചെയ്തു. പിന്നീട് അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന ഖിലാഫത്തുൻ അലാ മിൻഹാജിന്നുബൂവ്വത്ത് സ്ഥാപിക്കുകയുണ്ടായി. അവിടന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥമായ അൽവസിയ്യത്തിൽനിന്ന് ആ മഹാത്മാവിന്റെ നിർദ്ദേശങ്ങൾ സമർപ്പിച്ചു. അതിൽ അവിടന്ന് അഹ്മദിയ്യാ ഖിലാഫത്ത് എന്നും നിലനില്ക്കുന്നതാണെന്ന പ്രവചനം ചെയ്തിട്ടുണ്ട്. അദ്ദേഹം മുസ്‌ലിംകളുടെ മുൻകാലത്തെ


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

അവസ്ഥ സ്മരിച്ചുകൊണ്ട് പറഞ്ഞു.

രണ്ടാമത്തെ പ്രസംഗം നാസിർ ദഅവത്തെ ഇലല്ലാഹ് മർക്കസിയ്യാ മൗലാനാ മുഹമ്മദ് ഹമീദ് കൗസറിന്റേതായിരുന്നു. വിഷയം 'ദഅവത്തെ ഇലല്ലായും അഹ്മദിയ്യാ ജമാഅത്തിന്റെ ഉത്തരവാദിത്വത്തങ്ങളും' എന്നതായിരുന്നു. അദ്ദേഹം തന്റെ പ്രസംഗത്തിൽ വിശുദ്ധഖുർആനിലെ വചനങ്ങൾ ഓതിക്കൊണ്ട് അതിന്റെ വെളിച്ചത്തിൽ പറഞ്ഞു: നബി(സ)യ്ക്ക് ബല്ലിഗ് എന്ന കല്പന നൽകിയിരുന്നു. അത് നബി(സ)തിരുമേനിയും അവിടത്തെ തിരുസ്വഹാബാക്കളും പരിപൂർണമായും നിറവേറ്റി. മുഴുവൻ അറേബ്യൻ നാട്ടിലും ഇസ്ലാം പ്രചരിപ്പിച്ചു. താൻ പ്രബോധനത്തിന്റെ കടമ നിറവേറ്റിയോ എന്ന് ഹജ്ജത്തുൽവിദായുടെ അവസരത്തിൽ നബി(സ) തിരുമേനി സ്വഹാബാക്കളോട് ചോദിച്ചു. എല്ലാ സ്വഹാബാക്കളും ഒരേ ശബ്ദത്തിൽ പറഞ്ഞു, അങ്ങ് അങ്ങയുടെ കടമ നിറവേറ്റിയിരിക്കുന്നു, അല്ലാഹുവിന്റെ റസൂലേ, താങ്കൾ തബ്ലീഗിന്റെ കടമ നിറവേറ്റിയിരിക്കുന്നു. ആ മഹാത്മാവിനുശേഷം അവിടത്തെ ഖലീഫമാരും സ്വഹാബാക്കളും ഈ നിർബന്ധകടമ പൂർത്തിയാക്കുകയുണ്ടായി. മുഴുലോകത്തും ഇസ്ലാമിനെ പ്രചരിപ്പിച്ചു. കളവിന്റെ കാലഘട്ടത്തിൽ (ഫയ്ജെ അഅ്വജ്)മുസ്ലിംകൾ തബ്ലീഗിലേക്ക് ശ്രദ്ധിച്ചില്ല. ഇസ്ലാം അമുസ്ലിംകളുടെ ആക്ഷേപങ്ങൾക്ക് കുറിമാനമായി. ലക്ഷക്കണക്കിന് മുസ്ലിംകൾ ക്രിസ്തുമതത്തിൽപ്രവേശിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നിയോഗിച്ചുകൊണ്ട് അല്ലാഹു കാരുണ്യം വർഷിച്ചു. അദ്ദേഹം 1889 മാർച്ച് 23ന് അഹ്മദിയ്യാ ജമാഅത്തിന്റെ അടിത്തറയിട്ടതോടുകൂടി ദഅവത്തെ ഇലല്ലായ്ക്കും അടിത്തറവീണു. ഇന്ന് അവിടത്തെ ജമാഅത്ത് അതായത് ആഗോള അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് അതിന്റെ ആത്മീയ ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് മുഖേന മുഴുലോകത്തും ഗംഭീരമായ നിലയിൽ പ്രബോധനത്തിന്റേയും പ്രചാരണത്തിന്റേയും ജോലി നടന്നുകൊണ്ടിരിക്കുന്നു. ലോകത്തിലെ എല്ലാ ജനതയിലേയുമാളുകൾ ഈ അരുവിയിൽനിന്ന് കുടിക്കുകയും തങ്ങളുടെ ആത്മീയമായ അനശ്വരതയ്ക്കുള്ള സാധനസാമഗ്രികൾ ഒരുക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അൽഹംദുലില്ലാഹി അലാ ദാലിക്.

യോഗത്തിന്റെ മൂന്നാമത്തേതും അവസാനത്തേതുമായ പ്രസംഗം 'ഖിലാഫത്ത് വ്യവസ്ഥിതിയെ അനുസരിക്കലും അതിന്റെ അനുഗ്രഹങ്ങളും' എന്ന വിഷയത്തിൽ അഡീഷണൽ നാസിർ അഅ്ലാ ജനൂബി ഹിന്ദ് ഖാദിയാൻ ശിറാസ് അഹ്മദ് സാഹിബ് ചെയ്തു. അദ്ദേഹം തന്റെ പ്രസംഗത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഖിലാഫത്തിന്റെ അനുസരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കി. പറഞ്ഞു: 'നമ്മുടെ ജോലി കേൾക്കുക അനുസരിക്കുക എന്നതാണ്. അല്ലാഹുവിനേയും അവന്റെ റസൂലിനേയും അതുപോലെ കാര്യസ്ഥരേയും അനുസരിക്കുക എന്നത് നമ്മുടെ ശീലമായിരിക്കേണ്ടതാണ്.' പറഞ്ഞു: 'അനുസരണത്തിന്റെ ബീജമില്ലാത്ത ജനത അഭിവൃദ്ധിപ്പെടുകയില്ല. അനുസരണം കൊണ്ടുള്ള ഉദ്ദേശ്യം കാലത്തിന്റെ ഖലീഫയുടെ വായിൽനിന്ന് എന്തെങ്കിലും കല്പനയുണ്ടായാൽ തങ്ങളുടെ എല്ലാ പദ്ധതികളും ആഗ്രഹങ്ങളും സ്കീമുകളും മാറ്റിവെച്ചുകൊണ്ട് കാലത്തിന്റെ ഖലീഫയുടെ കല്പനയ്ക്ക് ഉത്തരം നല്കുക എന്നതാണ്. സ്വന്തം വഴികളെല്ലാം ഉപേക്ഷിച്ച് അദ്ദേഹത്തിന്റെ മാർഗ്ഗത്തെ സ്വീകരിക്കുക. കാലത്തിന്റെ ഖലീഫയുടെ നിർദ്ദേശങ്ങളും കല്പനകളും അനുസരിച്ച് പ്രവർത്തിക്കുന്നതിലൂടെ ആത്മീയതയിലും അഭിവൃദ്ധിയുണ്ടാകുന്നു. ആരാധനാകർമങ്ങളിൽ ആവേശമുണ്ടാകുന്നു. മനുഷ്യരെ സേവിക്കുന്നതിനുള്ള വികാരം വിശാലമാകുന്നു. മഹത്തായ അഭിവൃദ്ധികൾ ഉണ്ടാകുന്നു. ദൈവത്തിന്റെ പ്രീതിയും അവന്റെ സന്തോഷവും കരസ്ഥമാകുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിനുശേഷം യോഗാദ്ധ്യക്ഷന്റെ അനുവാദത്തോടെ കാര്യപരിപാടി അവസാനിച്ചു.

**രണ്ടാം ദിവസം രണ്ടാം സെഷൻ:-**

രണ്ടാമത്തെ ദിവസത്തിന്റെ രണ്ടാം സെഷനു ശേഷം ളുഹ്ർ, അസ്ർ നമസ്കാരം കഴിഞ്ഞ് വക്കീൽ അഅലാ തഹ്രീക്കെ ജദീദ് ഖാദിയാൻ മുനീർ അഹ്മദ് ഹാഫിളാവാദിയുടെ അധ്യക്ഷതയിൽ യോഗം ആരംഭിച്ചു. ജാമിയ അഹ്മദിയ്യാ, ഖാദിയാൻ വിദ്യാർഥി ഫദ്ലെ ഉമർ ഫാറൂഖ് ഖുർആൻ പാരായണം ചെയ്തു. ഹുജുറാത്ത് അധ്യായത്തിലെ 12 മുതൽ 18 വരെയുള്ള വചനങ്ങളാണ് പാരായണം ചെയ്തത്. ഈ വചനങ്ങളുടെ ഉർദു തർജമ അഡീഷണൽ നാളിർ ഇസ്ലാഹോ ഇർശാദ് തഅലീമുൽ ഖുർആൻ വ വഖ്ഫെ ആർസി മൗലാനാ ഇനായത്തുല്ലാ സാഹിബ് വായിച്ചു കേൾപ്പിച്ചു. മുർശിദ് അഹ്മദ് ഡാർ സാഹിബും സംഘവും ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ 'ബതാവൂം തുമേ കിയാ കെഃ കിയാ ചാഹ്ത്താ ഹൂം" എന്ന പരിശുദ്ധമായ പദ്യം മനോഹരമായ ഈണത്തിൽ ആലപിച്ചു. അതിനുശേഷം നായിബ് നാളിർ ദഅ്വത്തെ ഇലല്ലാഹ് മർക്കസിയ ഗ്യാനി തൻവീർ അഹ്മദ് സാഹിബ് 'ആഗോളമതത്തെ ആദരിക്കലും ലോകസമാധാനത്തിനുള്ള ജാമ്യവും പേഗാമെ സുൽഹ്' എന്ന ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ പഞ്ചാബിയിൽ പ്രഭാഷണം നടത്തി. അദ്ദേഹം പറഞ്ഞു:'ദൈവം ഒരു വലിയ ഉദ്ദേശ്യത്തോടുകൂടി സൃഷ്ടിച്ച മനുഷ്യൻ ഇന്ന് നാശത്തിന്റെ ഗർത്തത്തിൽ വീഴാൻ തയ്യാറായിരിക്കുന്നു. നാനാഭാഗത്തും അസമാധാനത്തിന്റേയും ഭയത്തിന്റേയും ചുറ്റുപാടാണ്. ലോകം മൂന്നാമത്തെ ആഗോളയുദ്ധത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ഈ യുദ്ധമുണ്ടായാൽ അതിന്റെ ഭയാനകമായ അവസ്ഥകൊണ്ട് നൂറ്റാണ്ടുകളോളം മനുഷ്യന് പശ്ചാത്തപിക്കേണ്ടിവരുന്നതാണ്. ഈ അസമാധാനത്തിന്റേയും യുദ്ധത്തിന്റേയും കലഹത്തിന്റേയും കാരണം എന്താണ്? ഇവർ ഇന്ന് ഉണ്ടാക്കിവെച്ചിരിക്കുന്ന കാര്യഹേതുക്കൾ ഈ നാശത്തിൽനിന്ന് ഇവരെ രക്ഷിക്കുമോ? ഈ അസമാധാനത്തിനുള്ള ഒരു കാരണം മതനേതാക്കന്മാർ മതങ്ങളെ രാഷ്ട്രീയനേട്ടങ്ങൾക്ക് മാർഗ്ഗമാക്കുകയും ആദരണീയരായ മതമാർഗ്ഗദർശികളുടേയും പരിശുദ്ധഗ്രന്ഥങ്ങുടേയുംമേൽ വൃത്തികെട്ട ആക്ഷേപങ്ങളുന്നയക്കുകയും ചെയ്യുന്നു എന്നതാണ്. ഇക്കാരണത്താൽ വിവിധ മതങ്ങളുടെ അനുയായികളിൽ അസ്വസ്ഥത നിലനില്ക്കുന്നു. എല്ലാ ഓരോ രാജ്യത്തും അല്ലാഹുവിന്റെ പ്രവാചകന്മാർ വന്നിട്ടുണ്ടെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു. ഒരു മതവും അന്യായമായി ആരുടെയെങ്കിലുംമേൽ അക്രമം ചെയ്യാൻ പഠിപ്പിക്കുന്നില്ല. എല്ലാ ഓരോ മതവും സമാധാനത്തിന്റേയും ശാന്തിയുടേയും സാഹോദര്യത്തിന്റേയും പരസ്പര സ്നേഹത്തോടെ ജീവിക്കുന്നതിന്റേയും കാര്യങ്ങളാണ് പറയുന്നത്. അദ്ദേഹം പറഞ്ഞു: അഹ്മദിയ്യാ ജമാഅത്ത് എല്ലാ മതത്തിന്റേയും സ്ഥാപകരെ ആദരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) എല്ലാ മതനേതാക്കന്മാരേയും പരിശുദ്ധഗ്രന്ഥങ്ങളേയും യഥാർഥമായ നിലയിൽ ആദരിക്കുകയുണ്ടായി. തന്റെ ജമാഅത്തിനേയും അതിനു ഉപദേശിക്കുകയുണ്ടായി. ഇന്ന് സമാധാന സംസ്ഥാപനത്തിനുള്ള ഒരേയൊരു മാർഗ്ഗവും ഇസ്ലാമിന്റെ സമാധാനം പ്രദാനം ചെയ്യുന്ന അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുക എന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നു ശേഷം അവിടത്തെ ഖലീഫമാർ സമാധാന സംസ്ഥാപനത്തിന്റെ പരിശ്രമം തുടർന്നുകൊണ്ടിരിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)1928ൽ സർവ്വമത സമ്മേളനങ്ങൾ സംഘടിപ്പിക്കുക എന്ന് നിർദേശിക്കുകയുണ്ടായി. അഹ്മദിയ്യാ ജമാഅത്ത് ഈ പൊതുയോഗങ്ങൾ മുഖേന ഇസ്ലാമിനെ സംബന്ധിച്ചുള്ള എല്ലാ സന്ദേഹങ്ങളും സംശയങ്ങളും അകറ്റിക്കൊണ്ട് ഇസ്ലാമിന്റെ യഥാർഥമായ മുഖം സമർപ്പിച്ചുകൊണ്ടിരിക്കുന്നു. ഇന്ന് ലോകം മുഴുവൻ കലഹങ്ങളുടെ ഇരയായിരിക്കുകയാണ്. ഇതെല്ലാം മതങ്ങളുടെ പേരിലാണ് നടന്നുകൊണ്ടിരിക്കുന്നത്. സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് മുഴുലോകത്തും സമാധാന സംസ്ഥാപനത്തിനുവേണ്ടി ശ്രമങ്ങൾ നടത്തിവരുന്നു. ലോകത്തിലെ വലിയ വലിയ രാജ്യങ്ങളുടെ പാർലിമെന്റിൽ പോയി ഭയാനകമായ അപകടങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നല്കിക്കൊണ്ടിരിക്കുന്നു.

(തുടരും)


**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.



## ഉടനെ എഴുതുക or ഫോൺ ചെയ്യുക

താങ്കൾ വിശുദ്ധ ഖുർആന്റെ കല്പനകൾ, ഹദീഥുകൾ, ഹദ്റത്ത് മസീഹ് മൗഊദിന്റെ മാർഗനിർദേശങ്ങൾ എന്നിവയോടൊപ്പം ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജുമുഅ ഖുത്ബകളിൽ നിന്നും പ്രഭാഷണങ്ങളിൽനിന്നും അനുഗ്രഹം തേടാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ താങ്കളുടെ കുടുംബത്തിന്റേയും കുഞ്ഞുകുട്ടികളുടേയും സത്യമായ പരിഷ്കരണത്തിന് വിശുദ്ധഖുർആന്റെ ജ്ഞാനങ്ങൾ അറിയാനാഗ്രഹിക്കുന്നെങ്കിൽ! താങ്കൾ ബദ്ർ പത്രം നിർബന്ധമായും വായിക്കുക. ബദ്ർ പത്രത്തിൽ എന്താണുള്ളത്? അതറിയാൻ നിങ്ങൾ നിങ്ങളുടെ ഭാഷയിൽ അതിന്റെ ഒരു മാതൃക വാങ്ങി നോക്കുക. ഉടനെ എഴുതുക, അല്ലെങ്കിൽ ഫോൺ ചെയ്യുക.

മാനേജർ ബദ്ർ വീക്കിലി
ഫോൺ: 094170-20616

# ഖുത്ബ ജുമുഅ

ജനുവരി ഒന്നിന് പുതുവർഷം തുടങ്ങുമ്പോൾ ഭൗതികരായവർ എന്തൊന്നാണ് ചെയ്യാത്തത്. പാശ്ചാത്യ രാജ്യങ്ങളിൽ അല്ലെങ്കിൽ വികസിത രാജ്യങ്ങളിൽ അല്ലെങ്കിൽ പ്രത്യേകിച്ചും മറ്റു രാജ്യങ്ങളിലും ഡിസംബർ 31 നും ജനുവരി 1 നും ഇടയ്ക്കുള്ള രാത്രി എന്തൊരു കോലാഹലമാണ് ഉണ്ടാകാത്തത്. അർദ്ധരാത്രിവരെ പ്രത്യേകമായ നിലയിൽ ഉറക്കമിളച്ചിരിക്കുന്നു. എന്നല്ല ഒച്ചയുണ്ടാക്കുന്നതിനും ബഹളമുണ്ടാക്കുന്നതിനും മദ്യപിച്ച് മദിക്കുന്നതിനും പാട്ടും ഡാൻസിനും വേണ്ടിമാത്രം മുഴുവൻ രാത്രിയും ഉറങ്ങാതിരിക്കുന്നു. കഴിഞ്ഞ വർഷത്തിന്റെ അവസാനവും അസാന്മാർഗിക പ്രവൃത്തികളോടും സഭ്യേതരമായ കർമങ്ങളോടും കൂടിയാണുണ്ടായത്. പുതുവർഷത്തിന്റെ ആരംഭമുണ്ടായതും അസാന്മാർഗിക പ്രവൃത്തികളോടും സഭ്യേതരമായ കർമങ്ങളോടും കൂടിയാണ്. ലോകത്തിലെ ഭൂരിപക്ഷത്തിന്റേയും മതപരമായ കണ്ണ് അന്ധമായി കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് മുഅ്മിന്റെ ദൃഷ്ടി എത്തുന്നിടംവരെ അവരുടെ ദൃഷ്ടികൾ എത്തുക സാധ്യമല്ല. അതാണെങ്കിൽ എത്തേണ്ടതുമാണ്. ഒരു മുഅ്മിന്റെ പ്രൗഢി എന്നത് ആ അസാന്മാർഗിക പ്രവൃത്തികളിൽനിന്ന് രക്ഷപ്പെടുക എന്നതുമാത്രമല്ല പ്രത്യുത തന്റെ ജീവിതത്തിൽ ഒരു വർഷം വരികയും കടന്നുപോകുകയും ചെയ്തിട്ട് അതെന്താണ് തനിക്ക് നല്കിപ്പോയതെന്നും എന്തുംകൊണ്ടാണ് പോയതെന്നും ആത്മപരിശോധന നടത്തുകയും ചിന്തിക്കുകയും ചെയ്യേണ്ടതുമാണ്. നമ്മൾ ഈ വർഷം എന്താണ് നഷ്ടപ്പെടുത്തിയത്. എന്താണ് നേടിയത്. ഒരു മുഅ്മിൻ ഭൗതികാടിസ്ഥാനത്തിൽ, ഈ വർഷം എന്ത് കളഞ്ഞു, എന്തു നേടി, ഭൗതികമായ നിലയിൽ എന്തു മെച്ചമുണ്ടാക്കി എന്നാണോ നോക്കേണ്ടത് അതോ ആത്മീയാടിസ്ഥാനത്തിൽ എന്ത് കളഞ്ഞു, എന്തു നേടി ഭൗതികമായ നിലയിൽ എന്തു മെച്ചമുണ്ടാക്കി എന്നാണോ നോക്കേണ്ടത്. എന്തുകളയുകയും എന്തുനേടുകയും ചെയ്തുവെന്ന് ഏതു നിലവാരത്തിൽവച്ചുകൊണ്ടാണ് നോക്കേണ്ടത്.

**ഹദ്റത്ത് മസീഹ് മൗഊദിനേയും മഹ്ദി മൗഹൂദിനേയും വിശ്വസിക്കാൻ തൗഫീഖ് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്ന അഹ്മദികളായ നമ്മൾ ഭാഗ്യവാന്മാരാണ്. ആ മഹാത്മാവ് നമ്മുടെ മുമ്പിൽ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും അധ്യാപനത്തിന്റെ സത്ത് അല്ലെങ്കിൽ ചുരുക്കം എടുത്തുവച്ചുതന്നു. നിങ്ങൾ ഈ നിലവാരം മുന്നിൽ വെച്ചാൽ നിങ്ങൾ നിങ്ങളുടെ ജീവിതോദ്ദേശ്യം പൂർത്തിയാക്കിയോ അല്ലെങ്കിൽ പൂർത്തിയാക്കാൻ ശ്രമിച്ചുവോ ഇല്ലേ എന്ന് നിങ്ങൾക്ക് മനസ്സിലാകുന്നതാണെന്ന് അവിടന്ന് നമ്മളോടു പറഞ്ഞു. ഈ നിലവാരം മുന്നിൽ വെക്കുകയാണെങ്കിൽ ശരിയായ മുഅ്മിനായിത്തീരുന്നതാണ്. ഇതാണ് നിബന്ധനകൾ. ഇവയിലൂടെ നടന്നാൽ ശരിയായ നിലയിൽ നിങ്ങളുടെ ഈമാനെ ഉരച്ചുനോക്കാൻ കഴിയും.**

നമ്മൾ വർഷത്തിന്റെ അവസാന രാത്രിയും പുതുവർഷത്തിന്റെ ആരംഭവും ആത്മ പരിശോധനയിലൂടേയും ദുആയിലൂടേയും തുടങ്ങുകയാണെങ്കിൽ നമ്മുടെ പരലോകം സുവർണമാക്കുന്നവരാകുന്നതാണ്. നമ്മളും ബാഹ്യമായ നിലയിൽ ആശംസകൾ നേരുന്നവരും ഭൗതികമായ കാര്യങ്ങളിലൂടെ പുതുവർഷം തുടങ്ങുന്നവരുമാണെങ്കിൽ നമ്മൾ ഒരുപാട് നഷ്ടപ്പെടുത്തിയവരും ഒന്നും നേടാത്തവരുമായിത്തീരുന്നതാണ്. അല്ലെങ്കിൽ വളരെ കുറച്ച് നേടിയവരെ ആകുകയുള്ളു. ബലഹീനതകൾ അവശേഷിക്കുകയും നമ്മുടെ ആത്മപരിശോധന നമുക്ക് തൃപ്തി നല്കാത്തതാകുകയും ചെയ്യുകയാണെങ്കിൽ ഇങ്ങനെ നമ്മൾ ദുആ ചെയ്യേണ്ടതാണ്:അല്ലാഹുവേ! ഞങ്ങളുടെ വരും വർഷം കഴിഞ്ഞ വർഷത്തെ പോലെ ആത്മീയമായ ദൗർബല്യം കാണിക്കുന്നതാക്കരുതേ. മറിച്ച് ഞങ്ങളുടെ ഓരോ ചുവടും നിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി ഉയരുന്നതാക്കേണമേ. ഞങ്ങളുടെ ഓരോ ദിവസവും റസൂലുല്ലാഹി(സ)തിരുമേനിയുടെ ജീവിത മാതൃകയിലൂടെ നടക്കുന്നതാക്കേണമേ. ഞങ്ങളുടെ രാവും പകലും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്ത ബയ്അത്തിന്റെ പ്രതിജ്ഞ നിറവേറ്റുന്നതിലേക്ക് കൊണ്ടുപോകുന്നതാക്കേണമേ.'

**വിശുദ്ധ ഖുർആനും തിരുഹദീഥുകളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളും ഉദ്ധരിച്ചുകൊണ്ട് നമ്മൾ മാറ്റുരച്ചുനോക്കേണ്ട ആ ഉന്നത നിലവാരത്തെ കുറിച്ചുള്ള പരിശോധന. നമ്മൾ അതിൽ പൂർണമായും ഇറങ്ങിച്ചെല്ലുന്നുണ്ടോ?**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ഉപദേശവും ഈ ഉണർത്തലും മുന്നിൽവച്ചുകൊണ്ട് ജീവിക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. നമ്മൾ ചെയ്തിട്ടുള്ള ബയ്അത്ത് പ്രതിജ്ഞ പൂർത്തിയാക്കുന്നവരാകട്ടെ. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായി ജീവിക്കുന്നവരാകട്ടെ. നമ്മൾ നമ്മുടെ ജീവിതത്തെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹമനുസരിച്ച് വാർത്തെടുത്തുകൊണ്ട് നമ്മുടെ ജീവിതത്തിന്റെ നല്ല മാതൃക ലോകരുടെ മുന്നിൽ സമർപ്പിക്കുന്നവരും പ്രകടിപ്പിക്കുന്നവരുമാകട്ടെ. അല്ലാഹു നമ്മുടെ കുറവുകൾ മറച്ചുവെച്ചുകൊണ്ട് നമുക്ക് പാരിതോഷികങ്ങൾ നല്കി അനുഗ്രഹിക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് വിധിക്കപ്പെട്ടിട്ടുള്ള വിജയങ്ങൾ അവൻ നമുക്ക് കാണിച്ചുതരുമാറാകട്ടെ. പുതിയതായി ഉദിച്ചുയരാൻ പോകുന്ന വർഷം ബർക്കത്തുകൾ കൊണ്ടുവരുന്നതാകട്ടെ. ശത്രുക്കളുടെ ഗൂഢപദ്ധതികൾ പരാജയപ്പെടുമാറാകട്ടെ. ഇപ്രാവശ്യം ഖാദിയാനിലെ ജൽസയിൽ പോകാൻ കഴിയാത്ത പാക്കിസ്താനിലെ അഹ്മദികൾക്കുണ്ടായിട്ടുള്ള വിഷമങ്ങൾ ദൂരീകരിക്കുമാറാകട്ടെ.

**ശത്രുക്കൾ അതിക്രമത്തിലും അക്രമപ്രവർത്തനങ്ങളിലും മുന്നേറുമ്പോൾ നമ്മളും നമ്മുടെ അവസ്ഥകളെ അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് വാർത്തെടുത്ത് ദുആകളിൽ കൂടുതൽ ശക്തി ചെലുത്തേണ്ട ആവശ്യമാണുള്ളത്. അല്ലാഹു നമുക്കതിനു തൗഫീഖ് നല്കുമാറാകട്ടെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

ഖുത്ബ ജുമുഅ 2016 ഡിസംബർ 30/1395 ഫത്ഹ് 30
മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ـ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ ـ الرَّحْمٰنِ الرَّحِيمِ ـ مٰلِكِ يَوْمِ الدِّينِ ـ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ـ
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ـ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ـ

രണ്ടു ദിവസത്തിനുശേഷം ഇൻശാഅല്ലാഹ് പുതിയ വർഷം ആരംഭിക്കുകയാണ്. നമ്മൾ മുസ്ലീംകൾ ചന്ദ്രവർഷം കൊണ്ടും വർഷം ആരംഭിക്കാറുണ്ട്; സൂര്യവർഷംകൊണ്ടും. ഈ ചന്ദ്രവർഷം കേവലം മുസ്ലീംകളിൽ മാത്രമല്ല. മറിച്ച് ഒരുപാട് ജനതകളിൽ പഴയകാലത്ത് നടപ്പിലുണ്ടായിരുന്നതാണ്. അവർ ചന്ദ്രവർഷപ്രകാരം തന്നെയായിരുന്നു വർഷം ആരംഭിച്ചിരുന്നത്. ചൈനൻ ജനതകളിലും ഹിന്ദുക്കളിലും മറ്റു ജനതകളിലും ഇത് നിലനിന്നിരുന്നു. ധാരാളം മതങ്ങളിൽ ഇതുണ്ടായിരുന്നു. ഇസ്ലാമിനുമുമ്പേ അറബികളിലും ദിവസങ്ങൾ കണക്കാക്കുന്നതിന് ചന്ദ്രവർഷ കലണ്ടർ തന്നെയാണ് ഉണ്ടായിരുന്നത്. എന്തായാലും ലോകത്ത് പൊതുവെ ഈ ഗ്രേഗോറിയൻ കലണ്ടർ(Gregorian calendar)തന്നെയാണ് നടപ്പിലുള്ളത്. എല്ലാവരും അതിനെ മനസ്സിലാക്കുന്നു. അതുകൊണ്ട് എല്ലാ ജനതയും എല്ലാ രാജ്യവും ഈ കലണ്ടറിനെ തങ്ങളുടെ ദിവസവും മാസവും കണക്കാക്കുന്നതിന് സ്വീകരിച്ചിരിക്കുകയാണ്. ഇക്കാരണത്താൽ ലോകത്ത് എല്ലാ വർഷവും എല്ലായിടത്തും ഈ കണക്കനുസരിച്ച് ജനുവരി ഒന്നുമുതൽ വർഷം ആരംഭിക്കുകയും ഡിസംബർ 31 ന് അവസാനിക്കുകയും ചെയ്യുന്നു. എന്തായാലും വർഷം വരുന്നു. 12 മാസം കഴിയുകയും കടന്നുപോകുകയും ചെയ്യുന്നു. അത് ഹിജ്രി മാസങ്ങളുടെ വർഷമായാലും വേണ്ടില്ല. നടപ്പിലുള്ള ഗ്രേഗോറിയൻ കലണ്ടറിന്റെ വർഷമാണെങ്കിലും വേണ്ടില്ല. പക്ഷേ, ഭൗതികർ ദിവസങ്ങളേയും മാസങ്ങളേയും വർഷങ്ങളേയും ഭൗതികമായ ശബ്ദകോലാഹലത്തിലും ബഹളത്തിലും ഭൗതികമായ സമാധാന പ്രവർത്തനങ്ങളിലും കടത്തിയിരിക്കുകയാണ്. അവർ മുസ്ലീംകളിൽ നിന്നുള്ളവരാണെങ്കിലും വേണ്ടില്ല. അമുസ്ലീംകളിൽനിന്നുള്ളവരാണെങ്കിലും വേണ്ടില്ല.

ജനുവരി ഒന്നിന് പുതുവർഷം തുടങ്ങുമ്പോൾ ഭൗതികരായവർ എന്തൊന്നാണ് ചെയ്യാത്തത്. പാശ്ചാത്യ രാജ്യങ്ങളിൽ അല്ലെങ്കിൽ വികസിത രാജ്യങ്ങളിൽ അല്ലെങ്കിൽ പ്രത്യേകിച്ചും മറ്റു രാജ്യങ്ങളിലും ഡിസംബർ 31 നും ജനുവരി 1 നും ഇടയ്ക്കുള്ള രാത്രി എന്തൊരു കോലാഹലമാണ് ഉണ്ടാകാത്തത്. അർദ്ധരാത്രിവരെ പ്രത്യേകമായ നില

യിൽ ഉറക്കമിളച്ചിരിക്കുന്നു. എന്നല്ല ഒച്ചയുണ്ടാക്കുന്നതിനും ബഹളമുണ്ടാക്കുന്നതിനും മദ്യപിച്ച് മദിക്കുന്നതിനും പാട്ടും ഡാൻസിനും വേണ്ടിമാത്രം മുഴുവൻ രാത്രിയും ഉറങ്ങാതിരിക്കുന്നു. കഴിഞ്ഞ വർഷത്തിന്റെ അവസാനവും അസാന്മാർഗിക പ്രവൃത്തികളോടും സഭ്യേതരമായ കർമങ്ങളോടും കൂടിയാണുണ്ടായത്. പുതുവർഷത്തിന്റെ ആരംഭമുണ്ടായതും അസാന്മാർഗിക പ്രവൃത്തികളോടും സഭ്യേതരമായ കർമങ്ങളോടും കൂടിയാണ്. ലോകത്തിലെ ഭൂരിപക്ഷത്തിന്റേയും മതപരമായ കണ്ണ് അന്ധമായി കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് മുഅ്മിന്റെ ദൃഷ്ടി എത്തുന്നിടംവരെ അവരുടെ ദൃഷ്ടികൾ എത്തുക സാധ്യമല്ല. അതാണെങ്കിൽ എത്തേണ്ടതുമാണ്. ഒരു മുഅ്മിന്റെ പ്രൗഢി എന്നത് ആ അസാന്മാർഗിക പ്രവൃത്തികളിൽനിന്ന് രക്ഷപ്പെടുക എന്നതുമാത്രമല്ല പ്രത്യുത തന്റെ ജീവിതത്തിൽ ഒരു വർഷം വരികയും കടന്നുപോകുകയും ചെയ്തിട്ട് അതെന്താണ് തനിക്ക് നല്കിപ്പോയതെന്നും എന്തുംകൊണ്ടാണ് പോയതെന്നും ആത്മപരിശോധനനടത്തുകയും ചിന്തിക്കുകയും ചെയ്യേണ്ടതുമാണ്. നമ്മൾ ഈ വർഷം എന്താണ് നഷ്ടപ്പെടുത്തിയത്. എന്താണ് നേടിയത്. ഒരു മുഅ്മിൻ ഭൗതികാടിസ്ഥാനത്തിൽ, ഈ വർഷം എന്ത് കളഞ്ഞു, എന്തു നേടി, ഭൗതികമായ നിലയിൽ എന്തു മെച്ചമുണ്ടാക്കി എന്നാണോ നോക്കേണ്ടത് അതോ ആത്മീയാടിസ്ഥാനത്തിൽ എന്ത് കളഞ്ഞു, എന്തു നേടി ഭൗതികമായ നിലയിൽ എന്തു മെച്ചമുണ്ടാക്കി എന്നാണോ നോക്കേണ്ടത്. എന്തുകളയുകയും എന്തുനേടുകയും ചെയ്തുവെന്ന് ഏതു നിലവാരത്തിൽവച്ചു കൊണ്ടാണ് നോക്കേണ്ടത്.

ഹദ്റത്ത് മസീഹ് മൗഊദിനേയും മഹ്ദി മൗഹൂദിനേയും വിശ്വസിക്കാൻ തൗഫീഖ് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്ന അഹ്മദികളായ നമ്മൾ ഭാഗ്യവാന്മാരാണ്. ആ മഹാത്മാവ് നമ്മുടെ മുമ്പിൽ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും അധ്യാപനത്തിന്റെ സത്ത് അല്ലെങ്കിൽ ചുരുക്കം എടുത്തുവച്ചുതന്നു. നിങ്ങൾ ഈ നിലവാരം മുന്നിൽ വെച്ചാൽ നിങ്ങൾ നിങ്ങളുടെ ജീവിതോദ്ദേശ്യം പൂർത്തിയാക്കിയോ അല്ലെങ്കിൽ പൂർത്തിയാക്കാൻ ശ്രമിച്ചുവോ ഇല്ലേ എന്ന് നിങ്ങൾക്ക് മനസ്സിലാകുന്നതാണെന്ന് അവിടന്ന് നമ്മളോടു പറഞ്ഞു. ഈ നിലവാരം മുന്നിൽ വെക്കുകയാണെങ്കിൽ ശരിയായ മുഅ്മിനായിത്തീരുന്നതാണ്. ഇതാണ് നിബന്ധനകൾ. ഇവയിലൂടെ നടന്നാൽ ശരിയായ നിലയിൽ നിങ്ങളുടെ ഈമാനെ ഉരച്ചുനോക്കാൻ കഴിയും. എല്ലാ അഹ്മദികളിൽനിന്നും അവിടന്ന് ബയ്അത്ത് പ്രതിജ്ഞ വാങ്ങി. ബയ്അത്തിന്റെ ഈ നിബന്ധന നമ്മുടെ മുമ്പിൽവച്ചുകൊണ്ട് പ്രവർത്തന രൂപരേഖ നമുക്കു നല്കി. അതനുസരിച്ച് പ്രവർത്തിക്കുകയും ആ പ്രവർത്തനത്തെ എല്ലാദിവസവും എല്ലാ ആഴ്ചയും എല്ലാ മാസവും എല്ലാ വർഷവും ഒരു ആത്മപരിശോധന നടത്തുമെന്ന് ഓരോ അഹ്മദിയിൽനിന്നും പ്രതീക്ഷിക്കുകയും ചെയ്തു.

അതിനാൽ നമ്മൾ വർഷത്തിന്റെ അവസാന രാത്രിയും പുതുവർഷത്തിന്റെ ആരംഭവും ആത്മ പരിശോധനയിലൂടേയും ദുആയിലൂടേയും തുടങ്ങുകയാണെങ്കിൽ നമ്മുടെ പരലോകം സുവർണമാക്കുന്നവരാകുന്നതാണ്. നമ്മളും ബാഹ്യമായ നിലയിൽ ആശംസകൾ നേരുന്നവരും ഭൗതികമായ കാര്യങ്ങളിലൂടെ പുതുവർഷം തുടങ്ങുന്നവരുമാണെങ്കിൽ നമ്മൾ ഒരുപാട് നഷ്ടപ്പെടുത്തിയവരും ഒന്നും നേടാത്തവരുമായിത്തീരുന്നതാണ്. അല്ലെങ്കിൽ വളരെ കുറച്ച് നേടിയവരെ ആകുകയുള്ളു. ബലഹീനതകൾ അവശേഷിക്കുകയും നമ്മുടെ ആത്മപരിശോധന നമുക്ക് തൃപ്തി നല്കാത്തതാകുകയും ചെയ്യുകയാണെങ്കിൽ ഇങ്ങനെ നമ്മൾ ദുആ ചെയ്യേണ്ടതാണ്: അല്ലാഹുവേ! ഞങ്ങളുടെ വരും വർഷം കഴിഞ്ഞ വർഷത്തെ പോലെ ആത്മീയമായ ദൗർബല്യം കാണിക്കുന്നതാക്കരുതേ. മറിച്ച് ഞങ്ങളുടെ ഓരോ ചുവടും നിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി ഉയരുന്നതാക്കേണമേ. ഞങ്ങളുടെ ഓരോ ദിവസവും റസൂലുല്ലാഹി(സ) തിരുമേനിയുടെ ജീവിതമാതൃകയിലൂടെ നടക്കുന്നതാക്കേണമേ. ഞങ്ങളുടെ രാവും പകലും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്ത ബയ്അത്തിന്റെ പ്രതിജ്ഞ നിറവേറ്റുന്നതിലേക്ക് കൊണ്ടുപോകുന്നതാക്കേണമേ.' ആ പ്രതിജ്ഞ ഞങ്ങളോടു ഇങ്ങനെ ചോദിക്കുന്നുണ്ട്: ശിർക്ക് ചെയ്യില്ല എന്ന് ചെയ്ത പ്രതിജ്ഞ നമ്മൾ നിറവേറ്റിയോ? ബിംബങ്ങളേയും സൂര്യചന്ദ്രനേയും പൂജിക്കുന്ന ശിർക്കല്ല, മറിച്ച് നബി(സ)തിരുമേനി പറഞ്ഞതനുസരിച്ച് കർമങ്ങളിലുള്ള പ്രദർശനപരതയുടേയും മറ്റുള്ളവരെ കാണിക്കുന്നതിനുവേണ്ടിയുള്ള കർമങ്ങളുടേയും ശിർക്കാണ്. ആ ശിർക്ക് രഹസ്യമായ ആഗ്രങ്ങളിൽ അകപ്പെട്ടുകിടക്കുന്ന ശിർക്കാണ്.'(മുസനദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 4 പേജ് 800-801 ഹദീഥ് മഹ്മൂദ് ബിൻ ലബീദ് ഹദീഥ് നമ്പർ 24036 ആലമുൽ കുതുബ് ബേറൂത്ത് 1998)

നമ്മുടെ നമസ്കാരങ്ങളും നമ്മുടെ നോമ്പുകളും നമ്മുടെ ദാനധർമങ്ങളും നമ്മുടെ സാമ്പത്തിക ത്യാഗങ്ങളും നമ്മുടെ ജനസേവന പ്രവർത്തനങ്ങളും നമ്മൾ ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്ക് സമയം നല്കുന്നതും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു പകരം അന്യദൈവങ്ങളെ സന്തോഷിപ്പിക്കുന്നതിനോ ലോകത്തെ കാണിക്കുന്നതിനോ വേണ്ടിയാണോ? നമ്മുടെ മനസ്സിൽ മറഞ്ഞിരിക്കുന്ന ആഗ്രഹങ്ങൾ അല്ലാഹുവിന്നെതിരിൽ എഴുന്നേറ്റു നില്ക്കുന്നവയായിപ്പോയോ? ഇത് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:

“തൗഹീദ് എന്നത് വായ കൊണ്ട് ലാഇലാഹ ഇല്ലല്ലാഹ് എന്നു പറയുന്നതിന്റേയും മനസ്സിൽ ആയിരക്കണക്കിന് ബിംബങ്ങൾ കൂടിയിരിക്കുന്നതിന്റേയും പേരല്ല. ആരാണോ തന്റെ ഏതെങ്കിലും ജോലിക്കോ തന്ത്രത്തിനോ വഞ്ചനയ്ക്കോ പ്രയത്നത്തിനോ അല്ലാഹുവിനു കൊടുക്കുന്നതുപോലുള്ള മഹത്വം നല്കുകയും അല്ലെങ്കിൽ ഏതെങ്കിലും മനുഷ്യനിൽ അല്ലാഹുവിനോടു പുലർത്തേണ്ട വിശ്വാസം വെച്ചു പുലർത്തുന്നത് അല്ലെങ്കിൽ അല്ലാഹുവിനു നല്കേണ്ട മാഹാത്മ്യം തന്റെ ആത്മാവിന് നല്കുന്നത് ഈ എല്ലാ അവസ്ഥകളിലും അവൻ അല്ലാഹുവിന്റെ പക്കൽ ബിംബാരാധകനാണ്.”(സിറാജുദ്ദീൻ ഈസായി കെ ചാർ സവാലോം കാ ജവാബ്, റൂഹാനീ ഖസായിൻ വാള്യം 12 പേജ് 349) ഈ നിലവാരം മുമ്പിൽവച്ചുകൊണ്ട് പരിശോധിക്കേണ്ട ആവശ്യമുണ്ട്.

പിന്നീടുണ്ടാകുന്ന ചോദ്യം ഇതാണ്. നമ്മുടെ കഴിഞ്ഞ വർഷം കളവിൽനിന്നും പരിപൂർണമായും പരിശുദ്ധമായിക്കൊണ്ടും പൂർണമായും സത്യസന്ധതയിൽ നിലനിന്നുകൊണ്ടുമാണോ കഴിഞ്ഞുപോയത്? അതായത് സത്യം പറയുന്നതുകൊണ്ട് സ്വന്തം നഷ്ടമുണ്ടാകുമെന്ന് തോന്നിയ ഘട്ടത്തിൽ സത്യത്തെ ഉപേക്ഷിച്ചു കളഞ്ഞിരുന്നുവോ? ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിന് നിലവാരം നിർണയിച്ചിട്ടുള്ളത് ചൊവ്വായ സംസാരങ്ങളിൽനിന്നു തടയുന്ന ശാരീരികമായ ഇച്ഛകളിൽനിന്ന് മനുഷ്യൻ വിട്ടു നില്ക്കാത്തിടത്തോളം യഥാർഥമായ നിലയിൽ സത്യമായി സംസാരിക്കുന്നവനായി നിലകൊള്ളുന്നവനാകുകയില്ല എന്നാണ്. തന്റെ ജീവനും സമ്പത്തിനും അല്ലെങ്കിൽ അഭിമാനത്തിനും ഭീക്ഷണിയാകുന്ന നേരമാണ് സത്യം പറയുന്നതിനുള്ള ഏറ്റവും വലിയ സാഹചര്യവും സന്ദർഭവും.'(ഇസ്ലാമി ഉസൂൽ കി ഫലാസഫി റൂഹാനീ ഖസായിൻ വാള്യം 10 പേജ് 360)

പിന്നീടുണ്ടാകുന്ന ചോദ്യം ഇതാണ്. നമ്മൾ നമ്മളെ, ചീത്ത വിചാരങ്ങൾ മനസ്സിലുണ്ടാകുന്ന ആഘോഷപരിപാടികളിൽനിന്ന്, ദൂരത്താക്കി വച്ചുവോ? അതായത് ഇക്കാലത്ത് ടിവിയുണ്ട്. ഇന്റർനെറ്റുണ്ട്. അതിൽ ചിന്താഗതികളെ ദുഷിപ്പിക്കുന്നതിന് മാർഗമാകുന്ന പരിപാടികളുണ്ട്. അവയിൽനിന്ന് നമ്മൾ നമ്മെ രക്ഷിച്ചുവോ? നമ്മൾ ആ മാർഗങ്ങളിലൂടെ ചീത്ത ഫിലിമുകളും പരിപാടികളും കണ്ടുകൊണ്ടിരിക്കുകയാണെങ്കിൽ നമ്മൾ ബയ്അത്തിന്റെ പ്രതിജ്ഞകളിൽനിന്ന് അകന്നുപോയി. നമ്മുടെ അവസ്ഥ ചിന്താർഹമാണ്. കാരണം ഇക്കാര്യങ്ങൾ ഒരു വിധത്തിലുള്ള വ്യഭിചാരത്തിലേക്ക് കൊണ്ടുപോകുന്നു.

പിന്നീടുണ്ടാകുന്ന ചോദ്യം ഇതാണ്. നമ്മൾ ദുർന്നോട്ടത്തിൽനിന്ന് നമ്മളെ രക്ഷിക്കാൻ എല്ലാ വിധത്തിലും കഴിയുന്നത്ര ശ്രമം നടത്തിയോ? അല്ലെങ്കിൽ നടത്തിക്കൊണ്ടിരിക്കുന്നുണ്ടോ? കാരണം ഈ കല്പന പുരുഷന്മാർക്കും സ്ത്രീകൾക്കും ഇരുകൂട്ടർക്കുമുള്ളതാണ്. എന്തുകൊണ്ടെന്നാൽ തുറന്ന കണ്ണുകൊണ്ട് നോക്കുന്നതിനാൽ സംഭാവ്യതയ്ക്ക് സാധ്യതയുണ്ട്. അതുകൊണ്ട് നിങ്ങളുടെ കണ്ണുകൾ താഴോട്ടാക്കുക. ദൃഷ്ടി താഴോട്ടാക്കി പ്രവർത്തിക്കുക. ഇതു സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള കല്പനയാണ്. കാരണം തുറന്ന കണ്ണുകൊണ്ട് കാണുന്നതിനാൽ (ദുർന്നോട്ടത്തിന്റെ) സാധ്യതകൾ ഉണ്ടാകാവുന്നതാണ്.

പിന്നീടുണ്ടാകുന്ന ചോദ്യം ഇതാണ്. ദുഷ്കർമങ്ങളും കുറ്റകൃത്യങ്ങളുമായ എല്ലാ കാര്യങ്ങളിൽനിന്നും നമ്മൾ നമ്മെ ഈ വർഷം രക്ഷപ്പെടുത്താൻ ശ്രമിച്ചുവോ? മുഅ്മിനെ ചീത്തവിളിക്കുന്നത് ദുഷ്കർമമാണെന്ന് നബി(സ)തിരുമേനി പറയുകയുണ്ടായി.(മുസനദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 2 പേജ് 153 മുസനദ് അബ്ദുല്ലാഹ് ബിൻ മസ്ഊദ് ഹദീഥ് നമ്പർ 4178 ആലമുൽ കുതുബ് ബേറൂത്ത് 1998)

വഴക്ക് മൂത്തുനില്ക്കുന്ന നേരത്ത് മനുഷ്യൻ കഠിനമായ വാക്കുകൾ പറയുകയും ചീത്തവിളിക്കുകയും ചെയ്യാറുണ്ട്. ഒരു മുഅ്മിൻ മറ്റൊരു മുഅ്മിനോടു ഇങ്ങനെ ചെയ്യുമ്പോൾ അത് ദുഷ്കർമമാണ്. എന്നല്ല ആരോടു ചെയ്താലും ഇത് ദുഷ്കർമമാണ്.

പിന്നീടു അവിടന്ന് പറഞ്ഞു: വ്യാപാരി കുറ്റകൃത്യം ചെയ്യുന്നവനാണ്. ഇത് ഹലാലാണല്ലോ എന്ന് പറയപ്പെട്ടു. വ്യാപാരം ചെയ്യൽ ഹലാലാണ്. നബി(സ)തിരുമേനി പറഞ്ഞു,‘എന്നാൽ, ഇക്കൂട്ടർ കച്ചവടം ചെയ്യുമ്പോൾ കളവു പറയുകയും സത്യം ചെയ്ത് ചെയ്ത് വിലകൂട്ടുകയും ചെയ്യുന്നു. ഇപ്രകാരംതന്നെ അവിടന്ന് നന്ദികാണിക്കാതിരിക്കുകയും ക്ഷമിക്കാത്തവരേയും ഫാസിഖ് എന്നു പറയുകയുണ്ടായി.'(മുസനദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 5 പേജ് 1385-386 മുസ്നദ് അബ്ദുർറഹ്മാൻ ബിൻ ശിബ്ൽ ഹദീഥ് നമ്പർ 15753-15752 ആലമുൽ കുതുബ് ബേറൂത്ത് 1998).അതുകൊണ്ട് അഗാധമായ ആജ്ഞാലംഘനങ്ങളിൽനിന്ന് രക്ഷപ്പെടുക ഇതാണ്.

നമ്മൾ നമ്മോടു ഇങ്ങനെ ചോദിക്കേണ്ടതാണ്. നമ്മൾ നമ്മളെ എല്ലാവിധ അക്രമങ്ങളിൽനിന്നും നമ്മെ തടഞ്ഞു നിറുത്തിയോ? അതായത് അക്രമം ചെയ്യുന്നതിൽനിന്ന് നമ്മെ തടഞ്ഞുവോ? ആരുടെയെങ്കിലും ഒരു മുഴം സ്ഥലംപോലും അനധികൃതമായി കൈവശപ്പെടുത്തുന്നതും ആരുടെയെങ്കിലും ഒരു ചെറിയകല്ലുപോലും തെറ്റായ വഴിയിലൂടെ എടുക്കുന്നതും അക്രമമാണെന്ന് നബി(സ)തിരുമേനി പറഞ്ഞിരിക്കുന്നു.(സ്വഹീഹ് ബുഖാരി കിതാബുഫിൽമളാലമി വൽഗബി ഹദീഥ് നമ്പർ 2452) പിന്നീട് ഈ നിലവാരംകൊണ്ട് നമ്മൾ നമ്മളെ മാറ്റുരച്ചുനോക്കേണ്ടതാണ്.

വിശ്വാസവഞ്ചനകളിൽനിന്നും നമ്മെ ശുദ്ധമാക്കി വച്ചുവോ? നിങ്ങളോടു വിശ്വാസവഞ്ചന കാണിക്കുന്നവരോടുപോലും നിങ്ങൾ വിശ്വാസവഞ്ചന കാണിക്കരുതെന്ന് നബി(സ)തിരുമേനി പറഞ്ഞിരിക്കുന്നു. (സുനൻ അബീദാവൂദ് കിതാബുൽബുയൂഅ് ഹദീഥ് 3534). ഇതാണ് ആ നിലവാരം.

പിന്നീട് നമ്മൾ നമ്മളോടു ചോദിക്കേണ്ടത് നമ്മൾ എല്ലാ തരത്തിലുള്ള കുഴപ്പങ്ങളിൽനിന്നും രക്ഷപ്പെടാൻ ശ്രമിച്ചുവോ? നബി(സ)തിരുമേനി പറഞ്ഞു: ദ്രോഹങ്ങൾ ഉണ്ടാക്കുന്നവർ കുഴപ്പക്കാരാണ്. ഏഷണികൊണ്ട് കലഹങ്ങൾ ഉണ്ടാക്കുന്നവർ കുഴപ്പക്കാരാണ്. ഇവിടെത്തെ കാര്യം അവിടെ പറയുക. അവിടെത്തെ കാര്യം ഇവിടെ പറയുക. ഇങ്ങനെയുള്ള കലഹമുണ്ടാക്കുന്നവരാണ്. സ്നേഹിക്കുന്നവരുടെ ഇടയിൽ വിള്ളലുകൾ ഉണ്ടാക്കുന്നവനും കലഹക്കാരനാണ്. ആജ്ഞാനുവർത്തികളേയും അനുസരിക്കുന്നവരേയും വ്യവസ്ഥിതിയുടെ എല്ലാ കാര്യങ്ങളേയും അംഗീകരിക്കുന്നവരേയും അല്ലെങ്കിൽ ദീനിന്റെ എല്ലാ കാര്യങ്ങളേയും സമ്മതിക്കുന്നവരേയും ഏതെങ്കിലും തെറ്റായ കാര്യത്തിൽ അകപ്പെടുത്താൻ ശ്രമിക്കുന്നവരും പാപത്തിൽ അകപ്പെടുത്താൻ ശ്രമിക്കുന്നവരും കലഹക്കാരാണ്. (മുസനദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 8 പേജ് 914 മുസനദ് അബ്ദുല്ലാഹ് ബിൻ മസ്ഊദ് ഹദീഥ് നമ്പർ 28153 ആലമുൽ കുതുബ് ബേറൂത്ത് 1998)

ഫസാദ് ഉണ്ടാകുന്നതിനും ഫസാദിൽനിന്ന് രക്ഷപ്പെടുന്നതിനുമുള്ള നിലവാരമാണിത്.

പിന്നീട് നമ്മൾ നമ്മുടെ ശാരീരികമായ ആഗ്രഹങ്ങൾക്ക് അടിപ്പെട്ടവരാണോ? എന്ന് നമ്മോടുതന്നെ ചോദിക്കേണ്ടതാണ്. നമ്മൾ എല്ലാതരത്തിലുള്ള സമാധാനഭംഗമുണ്ടാക്കുന്നതിൽനിന്നും രക്ഷപ്പെടാൻ ശ്രമിച്ചുവോ? നമ്മൾ എല്ലാവിധത്തിലുള്ള രാജ്യദ്രോഹത്തിൽനിന്നും മാറി നിലക്കുന്നവരാണോ? നമ്മൾ ശരീരേച്ഛകൾക്ക് അടിപ്പെട്ടവരാണോ? നാലുഭാഗത്തും ലജ്ജയില്ലായ്മ വ്യാപിച്ചു നില്ക്കുന്ന ഇക്കാലത്ത് ശരീരേച്ഛകളിൽനിന്ന് രക്ഷപ്പെടുക എന്നതും ഒരു ജിഹാദാണ്.

നമ്മൾ അഞ്ചുനേര നമസ്കാരം വീഴ്ചകൂടാതെ നിർവഹിച്ചിരുന്നുവോ? വർഷം മുഴുവൻ പതിവായി നമസ്കരിച്ചിരുന്നുവോ? ഇത് അല്ലാഹു വിശുദ്ധ ഖുർആനിൽ പലസ്ഥലത്തും ഉപദേശിച്ചിട്ടുള്ളതാണ്. നമസ്കാരം ഉപേക്ഷിക്കുക എന്നത് മനുഷ്യനെ ശിർക്കിന്റേയും കുഫ്റിന്റേയും അടുത്താക്കുമെന്ന് നബി(സ)തിരുമേനിയും പറഞ്ഞിട്ടുണ്ട്. (സ്വഹീഹ് മുസ്‌ലിം കിതാബുൽ ഈമാൻ ബാബ് ബയാൻ അത്‌ലാഖ് ഇസ്മുൽ കുഫ്ർ അലാ മൻ തറക്കസ്വലാത്ത് ഹദീഥ് 82)

സാധ്യമായടത്തോളം തഹജ്ജുദ് നമസ്കരിക്കാൻ നമുക്ക് ശ്രദ്ധ ഉണ്ടായിട്ടുണ്ടോ? സാധ്യമാകുന്നിടത്തോളം തഹജ്ജുദ് നമസ്കരിക്കാനും അത് പതിവായിട്ട് നിർവഹിക്കാൻ ശ്രമിക്കാനും നബി(സ) തിരുമേനി നിർദേശിച്ചിട്ടുള്ളതാണ്. ഇത് സ്വാലിഹ്മാരുടെ വഴിയാണ്. പറഞ്ഞു, ഇത് ദൈവസാമീപ്യത്തിനുള്ള മാർഗമാണ്. പറഞ്ഞു, അതിന്റെ ശീലം പാപങ്ങളിൽനിന്ന് തടയുന്നതാണ്. പറഞ്ഞു, തിന്മകൾ അവസാനിപ്പിക്കുന്നതാണ്. ശാരീരികമായ രോഗങ്ങളിൽനിന്നും അത് രക്ഷിക്കുന്നു.'(സുനനത്തുർമുദി കിതാബുദ്ദഅ്‌വാത്ത് ബാബു ഫീ ദുആയിന്നബിയ്യി(സ). ഹദീഥ് 3549)

തിരുനബി(സ)യുടെമേൽ പതിവായി സ്വലാത്ത് ചൊല്ലാൻ ശ്രമിച്ചിരുന്നുവോ? അല്ലെങ്കിൽ സ്വലാത്ത് ചൊല്ലുന്നുണ്ടോ?ഇതാണ് നമ്മൾ പിന്നീട് നമ്മളോടു ചോദിക്കേണ്ടത്. അത് മുഅ്മനീംകൾക്കുള്ള അല്ലാഹുവിന്റെ പ്രത്യേക കല്പനകളിൽ ഒരു കല്പനയാണ്. ഇത് ദുആ സ്വീകരിക്കപ്പെടുന്നതിനുള്ള മാർഗവുമാണ്. സ്വലാത്തു കൂടാതുള്ള ദുആയാണെങ്കിൽ അത് ഭൂമിയുടേയും ആകാശത്തിന്റേയുമിടയിൽ നിലച്ചുപോകുന്നതാണ്. (സുനനത്തുർമുദി കിതാബുസ്സ്വലാത്ത് അബ്‌വാബുൽ വിത്‌രി ബാബു മാ ജാഅ ഫീ ഫള്‌ലി സ്സ്വലാത്തി അലന്നബിയ്യി(സ)ഹദീഥ് 486)

നിങ്ങൾ സ്വലാത്ത് ചൊല്ലാതെ ദുആ ചെയ്യുകയാണെങ്കിൽ ഭൂമയിൽനിന്ന് ദുആ മേല്പോട്ടുയരുന്നതാണ്. ആകാശംവരെ അതെത്തുകയില്ല. ഇടയ്ക്ക് നിലച്ചുപോകുന്നതാണ്. കാരണം അതിൽ അല്ലാഹു പറഞ്ഞ ആ രീതി പാലിച്ചില്ല. ആകാശംവരെ എത്തിക്കുന്നതിന് ദുആയോടൊപ്പം സ്വലാത്തും അനിവാര്യമാണ്.

പതിവായിട്ട് ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരുന്നുവോ എന്നാണ് പിന്നീട് നമ്മൾ ചോദിക്കേണ്ടത്. ആരാണോ ഇസ്തിഗ്ഫാറുമായി അള്ളിപിടിച്ചിരിക്കുന്നത് അല്ലാഹു അവനെ എല്ലാ ഞെരുക്കങ്ങളിൽനിന്നും പുറത്തുവരാനുള്ള വഴിയാക്കുന്നുവെന്ന് നബി(സ)തിരുമേനി പറയുകയുണ്ടായി. എല്ലാ ബുദ്ധിമുട്ടുകളിൽനിന്നും ഐശ്വര്യത്തിന്റെ വഴി ഉണ്ടാക്കിക്കൊടുക്കുന്നു. അവന് സങ്കല്പിക്കാൻപോലും കഴിയാത്ത വഴികളിലൂടെ രിസ്ഖ് നല്കുന്നു.'(സുനൻ അബീദാവൂദ് അബ്‌വാബുൽ വിത്‌രി ബാബു ഫിൽ ഇസ്തിഗ്ഫാരി ഹദീഥ് 1518)

അല്ലാഹുവിനെ സ്തുതിക്കുന്നതിലേക്ക് നമ്മുടെ ശ്രദ്ധയുണ്ടായിരുന്നുവോ എന്നാണ് നമ്മൾ പിന്നീട് ചോദിക്കേണ്ടത്. അല്ലാഹുവിനെ സ്തുതിക്കാതെ ആരംഭിക്കുന്ന കർമങ്ങൾ അപൂർണമായി ഇരിക്കുമെന്ന് നബി(സ)തിരുമേനി പറയുകയുണ്ടായി. അത് ബർക്കത്തില്ലാത്തതായിരിക്കും. സ്വാധീനം ചെലുത്താത്തതായിരിക്കും.(സുനൻ ഇബ്നുമാജ കിതാബുന്നിക്കാഹ് ബാബു ഖുത്‌ബത്തിന്നിക്കാഹ് ഹദീഥ് 1894)

നമ്മൾ നമ്മുടെ ആളുകൾക്കും അന്യർക്കും എല്ലാവർക്കും ഏതെങ്കിലും തരത്തിലുള്ള ക്ലേശവും ഉണ്ടാക്കിയിട്ടുണ്ടോ എന്നാണ് പിന്നീട് നമ്മൾ നമ്മളോടു ചോദിക്കേണ്ടത്. നമ്മുടെ കൈകളും നമ്മുടെ നാവുകളും മറ്റുള്ളവരെ ബുദ്ധിമുട്ടിക്കുന്നതിൽനിന്ന് രക്ഷപ്പെട്ടിരുന്നുവോ? നമ്മൾ വിട്ടുവീഴ്ചയോടും മാപ്പുകൊടുത്തുംകൊണ്ടുമാണോ കഴിഞ്ഞത്? വിനയവും എളിമയും നമ്മുടെ പ്രത്യേകതയായി നിലനിന്നുവോ? ദുഃഖത്തിലും സന്തോഷത്തിലും സുഖത്തിലും എല്ലാ അവസ്ഥകളിലും നമ്മൾ അല്ലാഹുവിനോടു കൂറു പുലർത്തിക്കൊണ്ടിരുന്നുവോ? എന്റെ ദുആ എന്തുകൊണ്ട് സ്വീകരിക്കപ്പെട്ടില്ല അല്ലെങ്കിൽ എന്തിന് എന്നെ ഈ ബുദ്ധിമുട്ടിൽ അകപ്പെടുത്തി എന്ന് പറഞ്ഞ് എപ്പോഴെങ്കിലും പരാതി പറഞ്ഞിട്ടുണ്ടോ? ഈ പരാതിയുണ്ടെങ്കിൽ ഒരു മനുഷ്യനും മുഅ്മിനായിരിക്കാൻ സാധിക്കുകയില്ല.

എല്ലാ തരത്തിലുള്ള ദുരാചാരങ്ങളിൽനിന്നും ദുരാഗ്രഹങ്ങളിൽനിന്നും നമ്മൾ പൂർണമായും ഒഴിഞ്ഞുനില്ക്കാൻ ശ്രമിച്ചുവോ? ഈ ദുരാചാരങ്ങളും നൂതനനടപടികളും നിങ്ങളെ വഴികേടിലേക്ക് കൊണ്ടുപോകുമെന്നും അതിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക എന്നും നബി(സ)തിരുമേനി പറയുകയുണ്ടായി.(സുനനുത്തുർമുദി കിതാബുൽഇൽമ് ഹദീഥ് 2676)

നമ്മൾ വിശുദ്ധ ഖുർആന്റേയും നബി(സ)തിരുമേനിയുടേയും കല്പനകളേയും നിർദേശങ്ങളേയും പൂർണമായനിലയിൽ സ്വായത്തമാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നുവോ?

അഹംഭാവവും മിഥ്യാഭിമാനവും നമ്മൾ തികച്ചും ഉപേക്ഷിച്ചിരുന്നുവോ? അല്ലെങ്കിൽ ഉപേക്ഷിക്കാൻ ശ്രമിച്ചിരുന്നുവോ? ശിർക്കിനുശേഷം ഏറ്റവും വലിയ നാശം അഹംഭാവവും മിഥ്യാഭിമാനവുമാണ്. നബി(സ)തിരുമേനി പറഞ്ഞു, അഹങ്കാരി സ്വർഗത്തിൽ പ്രവേശിക്കുകയില്ല. തകബ്ബുർ അഥവാ അഹങ്കാരം എന്നു പറയുന്നത് മനുഷ്യൻ കടമ നിഷേധിക്കുകയും ആളുകളെ നീചനായി മനസ്സിലാക്കുകയും അവരെ നിന്ദാദൃഷ്ടിയോടെ കാണുകയും അവരോടു മോശമായിപെരുമാറുകയും ചെയ്യുക എന്നതാണ്. (സ്വഹീഹ് മുസ്‌ലിം കിതാബുൽഈമാൻ ബാബ് തഹ്‌രീമുൽ കിബ്‌രി വ ബയാനത്തി ഹദീഥ് 91)

സൽപെരുമാറ്റത്തിന്റെ ഉന്നതനിലവാരം കരസ്ഥമാക്കാൻ നമ്മൾ ശ്രമിച്ചിരുന്നുവോ? നമ്മൾ വിനീതവും സുദരിദ്രവുമായ ജിവിതം സ്വായത്തമാക്കാൻ ശ്രമിച്ചിരുന്നുവോ? മിസ്ക്കീൻമാരുടെ സ്ഥാനം നബി(സ)തിരുമേനിയുടെ ദൃഷ്ടിയിൽ എത്ര അധികമായിരുന്നു. നബി(സ)തിരുമേനി ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു: അല്ലാഹുവേ! എന്നെ മിസ്ക്കീൻമാരുടെ അവസ്ഥയിൽ ജീവിപ്പിച്ചാലും. എന്നെ മിസ്ക്കീൻമാരുടെ അവസ്ഥയിൽ മരിപ്പിച്ചാലും. എന്നെ മിസ്ക്കീൻമാരുടെ സംഘത്തിൽത്തന്നെ ഉയർത്തിയാലും.'(സുനൻ ഇബ്നുമാജ കിതാബുസ്സുഹ്ദ് ഹദീഥ് 4126)

എല്ലാ ദിവസവും നമ്മുടെ ഉള്ളിൽ ദീൻ വളരുകയും അതിന്റെ അന്തസ്സും മഹത്ത്വവും നിലനിറുത്തുന്നവരാകുകയും ചെയ്തിട്ടുണ്ടോ? ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് നമ്മൾ അധികവും ചെയ്യാറുള്ള പ്രതിജ്ഞ കേവലം പൊള്ളയായ പ്രതിജ്ഞ ആയിപ്പോയിട്ടുണ്ടോ?

ഇസ്‌ലാമിനോടുള്ള സ്നേഹത്തിൽ നമ്മുടെ ധനത്തെക്കാളും നമ്മുടെ മാനത്തെക്കാളും നമ്മുടെ സന്താനങ്ങളെക്കാളുമുപരിയായി അതിനെ സ്നേഹിക്കുന്നതും പ്രിയപ്പെട്ടതുമായി മനിസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ടോ? നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹു എന്നെ ഇസ്‌ലാം ദീൻ നല്കി അയച്ചിരിക്കുന്നു. ഇസ്‌ലാം എന്നു പറയുന്നത് നിങ്ങളുടെ സത്തയെ പൂർണമായും അല്ലാഹുവിന് ഏല്പിച്ചുകൊടുക്കുക എന്നതാണ്. മറ്റു ആരാധ്യരിൽനിന്ന് വേർപെടുക. നമസ്കാരം നിലനിറുത്തുക. സക്കാത്തു നല്കുക.' (കൻസുൽ ഉമ്മാൽ വാല്യം 1 പേജ് 152 കിതാബുൽ ഈമാൻ വൽ ഇസ്‌ലാം. ഹദീഥുനമ്പർ 1378 ദാറുൽകുതുബ് ഇൽമിയ്യ ബേറൂത്ത് 2004)

അല്ലാഹുവിന്റെ സൃഷ്ടികളോടു കൂടുതൽ സഹതാപം കാണിക്കാൻ ശ്രമിക്കുന്നവരാണോ? അല്ലെങ്കിൽ സഹതാപം കാണിച്ചുകൊണ്ടിരുന്നിട്ടുണ്ടോ?

നമ്മുടെ എല്ലാ കഴിവുകളോടുംകൂടി ദൈവസൃഷ്ടികൾക്ക് ഫലം എത്തിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരുന്നിട്ടുണ്ടോ? നബി(സ)തിരുമേനി പറഞ്ഞു: എല്ലാ സൃഷ്ടികളും അല്ലാഹുവിന്റെ കുടുംബമാണ്.' (അൽ മുഅ്ജമുൽ അവ്സത്വ് ഭാഗം 4 പേജ് 153 ഹദീഥ് 5541 ദാറുൽഫിക്ർ ഒമാൻ 1999) അതിനാൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട വ്യക്തി ഈ കുടുംബത്തോടു നല്ല നിലയിൽ പെരുമാറുന്നവനാണ്. അവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുന്നവനാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അനുസരിക്കുന്നതിന്റെ നിലവാരം എപ്പോഴും നമ്മളിൽ നിലനില്ക്കാൻ ദുആ ചെയ്യുകയും അതിന് നമ്മുടെ മക്കളെ ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നിട്ടുണ്ടോ? നമ്മൾ എപ്പോഴും ഉന്നതനിലവാരത്തോടുകൂടി ആ മഹാത്മാവിനെ അനുസരിച്ചുകൊണ്ടിരിക്കുകയും അത് വർധിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്തിട്ടുണ്ടോ?

മറ്റുള്ള എല്ലാ ബന്ധങ്ങളും ഒന്നുമല്ലാത്തതും നിസാരവും ആയിത്തീരുംവിധം ഹദ്റത്ത് മസീഹ് മൗഊദു(അ)മായിട്ടുള്ള സാഹോദര്യബന്ധവും അനുസരണവും വർധിപ്പിച്ചിട്ടുണ്ടോ?

അഹ്മദിയ്യാ ഖിലാഫത്തിനോടു കൂറോടും അനുസരണത്തോടുംകൂടി നിലനില്ക്കാനും ആ ബന്ധം വർധിക്കാനും ശ്രദ്ധയുണ്ടാകുന്നതിനുവേണ്ടി വർഷത്തിന്നിടയിൽ ദുആ ചെയ്തുകൊണ്ടിരുന്നുവോ? നമ്മുടെ മക്കളോട് ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നതിനും കൂറോടുകൂടിയുള്ള ബന്ധം നിലനിറുത്തുന്നതിനും പറഞ്ഞുകൊണ്ടിരുന്നുവോ? അവരിൽ ഈ ശ്രദ്ധ ഉണ്ടാകുന്നതിന് ദുആ ചെയ്തുകൊണ്ടിരുന്നുവോ?

കാലത്തിന്റെ ഖലീഫയ്ക്കുവേണ്ടിയും ജമാഅത്തിനുവേണ്ടിയും പതിവായി ദുആ ചെയ്തുകൊണ്ടിരുന്നുവോ?

ഇതിൽ ഭൂരിഭാഗം ചോദ്യങ്ങൾക്കും പോസിറ്റീവായിട്ടുള്ള മറുപടിയോടുകൂടിയാണ് ഈ വർഷം കഴിഞ്ഞിട്ടുള്ളതെങ്കിൽ കുറച്ചു ബലഹീനതകളുണ്ടെങ്കിൽത്തന്നെയും നമ്മൾ ഒരുപാട് നേടിയിട്ടുണ്ട്. ഇനി ഞാൻ ചോദിച്ച ഭൂരിഭാഗം ചോദ്യത്തിനുള്ള മറുപടി നെഗറ്റീവായിട്ടാണെങ്കിൽ ചിന്തിയ്ക്കേണ്ട അവസ്ഥയാണുള്ളത്. നമുക്ക് നമ്മുടെ അവസ്ഥകളിൽ ചിന്തിക്കേണ്ടതാണ്. അതിനുള്ള പരിഹാരം ഇപ്രകാരംസാധ്യമാകാവുന്നതാണ്. ഈ രാത്രികളിൽ ഇങ്ങനെ ദുആ ചെയ്യുക; ഇന്നത്തെ രാത്രിയും നാളത്തെ അവസാന രാത്രിയും ഉറച്ച തീരുമാനമെടുക്കുകയും ഒരു പ്രതിജ്ഞ ചെയ്യുകയും ചെയ്യുക. പ്രത്യേകിച്ചും പുതുവർഷത്തിന്റെ ആരംഭത്തിൽ ഇങ്ങനെ ദുആ ചെയ്യുക; അല്ലാഹു നമ്മുടെ വീഴ്ചകളും കുറവുകളും മാപ്പാക്കുമാറാകട്ടെ. പുതുവർഷത്തിൽ നമുക്ക് ഏറ്റവും കൂടുതൽ പ്രാപിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ നഷ്ടപ്പെടുത്തുന്നവരാകാതിരിക്കട്ടെ. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി തങ്ങളുടേതായതെല്ലാം ത്യാഗം ചെയ്യാൻ തയ്യാറായിരിക്കുന്ന മുഅ്മിനീംകളിൽ ഉൾപ്പെടുന്നവരാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി സമർപിക്കുകയാണ്. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ജമാഅത്തിനെ ഉപദേശിച്ചിരിക്കുന്നു. ഒരു വിജ്ഞാപനത്തിന്റെ രൂപത്തിൽ അത് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അവിടന്ന് പറഞ്ഞു:

“ഇവിടെ സന്നിഹിതരായിരിക്കുന്ന എന്റെ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ള എല്ലാവരും അല്ലെങ്കിൽ തങ്ങളുടെ വാസസ്ഥലങ്ങളിൽ വസിക്കുന്നവരും ഈ വസ്വിയ്യത്ത് ശ്രദ്ധയോടുകൂടി കേൾക്കുക. അവർ ഈ ജമാഅത്തിൽ പ്രവേശിച്ച് എന്നോടു ഉദ്ദേശ്യത്തിന്റേയും ശിഷ്യത്വത്തിന്റേയും ബന്ധം വെച്ചു പുലർത്തുന്നവരാണ്. ഇതുകൊണ്ടുള്ള ഉദ്ദേശ്യം അവർ സദാചാരത്തോടും സൗശീല്യത്തോടും കൂടി തഖ്‌വയുടെ ഉന്നതപദവിവരെ എത്തുക എന്നതാണ്. ഒരു വഴക്കിനും ഒരു ഉപദ്രവത്തിനും ദുർന്നടപ്പിനും അവരുടെ അടുത്തു വരാൻ കഴിയരുത്. അവർ അഞ്ചുനേര നമസ്കാരം കൃത്യമായി നമസ്കരിക്കുന്നവരായിരിക്കണം. കളവ് പറയരുത്. നാവുകൊണ്ട് അവർ ആരേയും വേദനിപ്പിക്കരുത്. അവർ ഒരു തരത്തിലുള്ള ദുഷ്കർമങ്ങൾക്കും ഇരയാകരുത്. ഏതെങ്കിലും ഉപദ്രവത്തിന്റേയും അക്രമത്തിന്റേയും വഴക്കിന്റേയും ഫിത്നയുടേയും ചിന്തപോലും മനസ്സിൽ കൊണ്ടുവരരുത്. ചുരുക്കത്തിൽ എല്ലാ തരത്തിലുള്ള പാപങ്ങളിൽനിന്നും കുറ്റകൃത്യങ്ങളിൽനിന്നും

അനർഹമായ കാര്യങ്ങളിൽനിന്നും അവിഹിതമായ സംസാരങ്ങളിൽനിന്നും എല്ലാ വികാരാവേശങ്ങളിൽനിന്നും അനാവശ്യമായ പ്രവൃത്തികളിൽനിന്നും വിട്ടു നില്ക്കേണ്ടതാണ്. എല്ലാ തരത്തിലുള്ള പാപങ്ങളിൽനിന്നും തങ്ങളെ രക്ഷിച്ചുനിറുത്തുക.' പറഞ്ഞു: 'അനാവശ്യമായ പ്രവൃത്തികളിൽനിന്ന് വിട്ടു നില്ക്കുക. അല്ലാഹുവിന്റെ പരിശുദ്ധ ഹൃദയരും നിരുപദ്രവകാരികളും സാധുപ്രകൃതക്കാരുമായ ദാസരാകുക. വിഷലിപ്തമായ ഒരു പുളിപ്പും അവരിൽ ഉണ്ടാകാൻ പാടില്ല."

പറയുന്നു:'സകലമനുഷ്യരോടുമുള്ള സഹതാപം അവരുടെ സിദ്ധാന്തമായിരിക്കണം. (കേവലം സത്യവിശ്വാസികളോടു മാത്രമല്ല പ്രത്യുത എല്ലാ മനുഷ്യരോടും സഹതാപം കാണിക്കേണ്ടത് അവന്റെ ഉസൂൽ ആയിരിക്കണം) "അല്ലാഹുവിനെ ഭയപ്പെടണം. തങ്ങളുടെ നാവുകളേയും കൈകളേയും മനസ്സിലെ വിചാരങ്ങളേയും എല്ലാ ഓരോ അവിശുദ്ധവും ഫിത്ന ഉണ്ടാക്കുന്നതുമായ മാർഗങ്ങളിൽനിന്നും വിശ്വാസവഞ്ചനകളിൽനിന്നും രക്ഷിക്കുക. അഞ്ചുനേര നമസ്കാരം അങ്ങേയറ്റം ഏകാഗ്രചിത്തതയോടുകൂടി നിലനിറുത്തുക. അക്രമത്തിൽനിന്നും കൈയേറ്റത്തിൽനിന്നും കുഭകോണങ്ങളിൽനിന്നും കൈക്കൂലികളിൽനിന്നും അവകാശങ്ങൾ ധ്വംസിക്കുന്നതിൽനിന്നും ഏകപക്ഷീയതയിൽനിന്നും വിട്ടു നില്ക്കേണ്ടതാണ്. ഒരു ചീത്ത സംഘത്തിലും ഇരിക്കരുത്. ഒരാൾക്ക് അവരുമായി പോക്കുവരവുണ്ടെന്നും അയാൾ അല്ലാഹുവിന്റെ കല്പനകളെ പാലിക്കാത്തവനാണെന്നും അല്ലെങ്കിൽ സൃഷ്ടികളോടുള്ള കടമനിർവഹണം വകവെക്കാത്തവനാണെന്നും അക്രമസ്വഭാവിയും ഉപദ്രവകാരിയും ദുർന്നടപ്പുകാരനുമാണെന്ന് സ്ഥാപിതമായാൽ അല്ലെങ്കിൽ ഏതൊരു വ്യക്തിയുമായിട്ടാണോ നിങ്ങൾക്ക് ബയ്അത്തിന്റെ ബന്ധമുള്ളത് അയാളെക്കുറിച്ച് അനാവശ്യമായി സംസാരിക്കുകയും കറ്റുകെട്ടി ഓരോന്നു പറഞ്ഞുകൊണ്ട് അല്ലാഹുവിന്റെ ദാസരെ വഞ്ചിക്കുകയും ചെയ്യുന്നത് അയാളെ നിങ്ങളുടെ ഇടയിൽനിന്ന് അകറ്റേണ്ടതും അത്തരം ഭയങ്കരനായ മനുഷ്യനിൽനിന്ന് വിട്ടുനില്ക്കേണ്ടതും നിർബന്ധമാണ്."(അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ സംസാരിക്കുന്ന ആളുകളുടെ സംഘത്തിൽ ഇരിക്കുന്നതിൽനിന്നും അവനുമായി കൂട്ടുകൂടുന്നതിൽനിന്നും അവനുമായി ബന്ധം വെക്കുന്നതിൽനിന്നും രക്ഷപ്പെടുക. കാരണം ഇത് വളരെ ഭയാനകമായ കാര്യമാണ്. ഇതിന്റെ ഉദ്ദേശ്യം തബ്‌ലീഗ് ചെയ്യരുതെന്നല്ല. മറിച്ച് അന്യർക്ക് ചെയ്യേണ്ടതാണ്. പക്ഷേ, കപടപ്രകൃതിയുള്ളവരിൽനിന്ന് അല്ലെങ്കിൽ തെറ്റായതരത്തിലുള്ള കാര്യങ്ങൾ പറയുന്നവരിൽനിന്ന് മസീഹ് മൗഊദിനെ ചീത്തയല്ലാതെ ഒന്നും പറയരുതെന്ന് ദുശ്ശാഠ്യമുള്ളവരിൽനിന്ന് അല്ലെങ്കിൽ ജമാഅത്തിന്നെതിരിൽ സംസാരിക്കുന്നവരിൽനിന്ന് രക്ഷപ്പെടുക. നല്ല പ്രകൃതക്കാർ കാര്യങ്ങൾ കേൾക്കാറുമുണ്ട്).

പിന്നീട് അവിടന്ന് പറയുന്നു: "ഒരു മതത്തിലേയും ഒരു ജനതയിലേയും ഒരു സംഘത്തിലേയും ആൾക്ക് നഷ്ടമുണ്ടാക്കണമെന്ന വിചാരം വെച്ചുപുലർത്തരുത്. എല്ലാവർക്കുംവേണ്ടി സദുപദേശകനാകുക. ദ്രോഹികൾക്കും ഗുണ്ടകൾക്കും കലാപകാരികൾക്കും ദുർന്നടപ്പുകാർക്കും ഒരിക്കലും നിങ്ങളുടെ മജ്‌ലിസിൽ പ്രവേശനമുണ്ടാകരുത്. നിങ്ങളുടെ വീടുകളിൽ താമസിക്കാനും പാടില്ല. അങ്ങനെയായാൽ അയാൾ നിങ്ങൾക്ക് വഞ്ചനയ്ക്കുനിമിത്തമാകും."(കൂടുതൽ അടുത്തുനിന്നാൽ നിങ്ങൾക്കും വഞ്ചന പറ്റുന്നതാണ്). പറഞ്ഞു: "ഞാൻ ആദ്യംമുതലെ പറഞ്ഞുവന്ന കാര്യങ്ങളും നിബന്ധനകളുമാണിത്. ഈ വസിയ്യത്തനുസരിച്ച് പ്രവർത്തിക്കേണ്ടത് എന്റെ ജമാഅത്തിൽപ്പെട്ട ഓരോരുത്തർക്കും നിർബന്ധമാണ്. നിങ്ങളുടെ മജ്‌ലിസുകളിൽ അവിശുദ്ധിയുടേയും പരിഹാസത്തിന്റേയും അപഹാസ്യത്തിന്റേയും ഒരു കാര്യവും ഉണ്ടാകാൻ പാടില്ല. സൽഹൃദയരും പരിശുദ്ധ സ്വഭാവക്കാരും വിശുദ്ധചിന്താഗതിക്കാരുമായി ഭൂമിയിൽ നടക്കുക. ഓർമിക്കുക! എല്ലാ ഓരോ ഉപദ്രവവും നേരിടാൻ പറ്റുന്നതല്ല. അതുകൊണ്ട് അധികനേരത്തും മാപ്പു കൊടുക്കാനും വിട്ടുവീഴ്ച ചെയ്യാനുമുള്ള ശീലമുണ്ടാക്കുക."(എല്ലായിടത്തും പോരാടേണ്ടുന്ന ആവശ്യമില്ല. മാപ്പുകൊടുക്കാനുള്ള ശീലമുണ്ടാക്കുക). "സഹനത്തോടും മൃദുലഭാവത്തോടുംകൂടി പ്രവർത്തിക്കുക. അന്യായമായ നിലയിൽ ആരുടെമേലും ആക്രമണം നടത്താതിരിക്കുക. ശരീരേച്ഛയെ അമർത്തി വെക്കുക. ആരെങ്കിലുമായി വാദപ്രതിവാദം നടത്തുകയാണെങ്കിൽ അല്ലെങ്കിൽ മതപരമായ ചർച്ച നടത്തുകയാണെങ്കിൽ മൃദുലമായ വാക്കുകളിലും സാംസ്കാരികമായ മാർഗത്തിലും ചർച്ച ചെയ്യുക."(ചർച്ച നടത്തണമെങ്കിൽ മതപരമായ ചർച്ച നടത്തണമെങ്കിൽ നടത്തിക്കൊള്ളുക. പക്ഷേ, മാന്യമായ നിലയിൽ)."ആരെങ്കിലും വിഡ്ഢിത്വത്തോടെ പെരുമാറിയാൽ സലാം പറഞ്ഞ് ആ മജ്‌ലിസിൽ നിന്ന് എഴുന്നേറ്റു പോരുക. നിങ്ങൾ പീഢിപ്പിക്കപ്പെടുകയാണെങ്കിൽ നിങ്ങളെ ചീത്ത വിളിക്കുകയാണെങ്കിൽ നിങ്ങൾക്കുവേണ്ടി മോശമായ വാക്കുകൾ ഉപയോഗിക്കുകയാണെങ്കിൽ ജാഗരൂകരാകുക. വിഡ്ഢിത്വത്തെ വിഡ്ഢിത്വംകൊണ്ട് നേരിടാൻ പാടില്ല. അങ്ങനെയായാൽ നിങ്ങളും അവരെപ്പോലെ ആയിപ്പോകുന്നതാണ്. നിങ്ങളെ മുഴുലോകത്തിനും നന്മയുടേയും നേരിന്റേയും മാതൃകയാകുന്ന ഒരു ജമാഅത്താക്കാൻ അവൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് നിങ്ങളുടെ ഇടയിൽനിന്ന് തിന്മയുടേയും ഉപദ്രവത്തിന്റേയും കലഹത്തിന്റേയും സ്വാർഥതയുടേയും മാതൃകയായുള്ള വ്യക്തിയെ എത്രയുംവേഗം പുറത്താക്കുക. നമ്മുടെ ജമാഅത്തിൽ സുദാരിദ്ര്യത്തോടും നന്മയോടും പഥ്യത്തോടും വിനയത്തോടും മൃദുലമായ സംസാരത്തോടും സൽസ്വഭാവത്തോടും നല്ല നടപ്പോടുംകൂടി ഇരിക്കാൻ കഴിയാത്തവൻ എത്രയും വേഗം നമ്മളിൽനിന്ന് വേർപെട്ടുകൊള്ളട്ടെ. കാരണം അത്തരം വ്യക്തി നമ്മളിൽ ഇരിക്കാൻ അല്ലാഹു ആഗ്രഹിക്കുന്നില്ല. തീർച്ചയായും അവൻ നിർഭാഗ്യനായി മരിക്കുന്നതാണ്. കാരണം അവൻ സൽമാർഗം കരസ്ഥമാക്കിയില്ല. അതുകൊണ്ട് നിങ്ങൾ ജാഗരൂകരാകുക. യഥാർഥത്തിൽ സദ്ഹൃദയനും സുദരിദ്രനും നേർമാർഗിയുമാകുക. നിങ്ങൾ അഞ്ചുനേര നമസ്കാരംകൊണ്ടും ധാർമികമായ അവസ്ഥകൾകൊണ്ടും തിരിച്ചറിയപ്പെടുന്നതാണ്. തിന്മയുടെ ബീജമുള്ളവന് ഈ ഉപദേശത്തിൽ നിലകൊള്ളുക സാധ്യമല്ല." പറയുന്നു:"നിങ്ങളുടെ മനസ്സ് വഞ്ചനയിൽനിന്ന് പരിശുദ്ധവും നിങ്ങളുടെ കൈകൾ അക്രമങ്ങളിൽനിന്ന് സ്വതന്ത്രവും നിങ്ങളുടെ നയനങ്ങൾ അശുദ്ധിയിൽനിന്ന് പവിത്രവുമായിരിക്കേണ്ടതാണ്. നിങ്ങളുടെ ഉള്ളിൽ നന്മയും സൃഷ്ടികളോടുള്ള സഹതാപവും അല്ലാതെ മറ്റൊന്നും ഉണ്ടാകാൻ പാടില്ല." പറയുന്നു:'എന്റെയടുത്ത് ഖാദിയാനിൽ പാർക്കുന്ന എന്റെ സുഹൃത്തുക്കളിൽനിന്ന് അവർ തങ്ങളുടെ എല്ലാ മാനുഷികമായ കഴിവുകളിലും ഉന്നതമാതൃക കാണിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്." പറയുന്നു:'അവസ്ഥകൾ സന്ദേഹജനകമായിട്ടുള്ളവനും നടപ്പിൽ ഏതെങ്കിലും തരത്തിലുള്ള ആക്ഷേപമുണ്ടാകുന്നവനും അല്ലെങ്കിൽ സ്വഭാവത്തിൽ ഏതെങ്കിലും തരത്തിലുള്ള കലഹക്കാരനും അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലുള്ള അശുദ്ധിയുള്ളവനും ഈ നല്ല ജമാഅത്തിൽ ചേർന്നിരിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് അല്ലാഹുവിനോടുള്ള നിർബന്ധ കടമകൾ മനഃപ്പൂർവം പാഴാക്കിക്കളയുന്നവനാണെന്നും (അറിഞ്ഞുകൊണ്ട് നഷ്ടപ്പെടുത്തുകയാണെന്നും) ഏതെങ്കിലും പരിഹാസത്തിന്റേയും നിരർഥവുമായ മജ്‌ലിസിൽ ഇരിക്കുന്നുവെന്ന് അറിയുകയും (എതിരാളികളുടെ പരിഹാസങ്ങളും വ്യർഥമായ കാര്യങ്ങളും കൊണ്ട് നിറഞ്ഞ മജ്‌ലിസുകളിൽ ഇരിക്കുകയും) അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലുള്ള ദുർന്നടപ്പ് അവനിലുണ്ടെന്നുള്ള പരാതി ആരെയെങ്കിലും സംബന്ധിച്ച് നാം കേൾക്കുകയാണെങ്കിൽ അവനെ ജമാഅത്തിൽനിന്ന് പുറത്താക്കുന്നതാണ്."

വീണ്ടും അവിടന്ന് പറയുന്നു: "യാഥാർഥ്യമെന്താണെന്നുവച്ചാൽ അധ്വാനിച്ചുണ്ടാക്കുന്ന ഒരു വയലിനോടൊപ്പം പാഴ്ച്ചെടികളും ഉണ്ടാകാറുണ്ട്. അത് മുറിച്ചുകളയുന്നതിനും കത്തിച്ചുകളയുന്നതിനും മാത്രമേ പറ്റുകയുള്ളു. അങ്ങനെയാണ് പ്രകൃതിനിയമം നടന്നുവരുന്നത്. അതിൽനിന്ന് നമ്മുടെ ജമാഅത്തിന് മാറി നില്ക്കാൻ കഴിയുകയില്ല. എന്റെ ജമാഅത്തിൽ യഥാർഥ നിലയിൽ പ്രവേശിച്ചിട്ടുള്ളവരുടെ മനസ്സ് അല്ലാഹു സ്വാഭാവികമായി വച്ചിട്ടുള്ളത് തിന്മയെ വെറുക്കുന്നവരും നന്മയെ സ്നേഹിക്കുവരുമായിട്ടാണെന്ന് എനിക്കറിയാം. അവർ തങ്ങളുടെ ജീവിതത്തിന്റെ നല്ല മാതൃക ജനങ്ങൾക്ക് കാഴ്ചവയ്ക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്." (മജ്മൂആ ഇശ്തിഹാറാത്ത് വാല്യം 3 പേജ് 46-49 ഇശ്തിഹാർ 1898 മെയ് 29)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ഉപദേശവും ഈ ഉണർത്തലും മുന്നിൽവച്ചുകൊണ്ട് ജീവിക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. നമ്മൾ ചെയ്തിട്ടുള്ള ബയ്അത്ത് പ്രതിജ്ഞ പൂർത്തിയാക്കുന്നവരാകട്ടെ. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായി ജീവിക്കുന്നവരാകട്ടെ. നമ്മൾ നമ്മുടെ ജീവിതത്തെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹമനുസരിച്ച് വാർത്തെടുത്തുകൊണ്ട് നമ്മുടെ ജീവിതത്തിന്റെ നല്ല മാതൃക ലോകരുടെ മുന്നിൽ സമർപ്പിക്കുന്നവരും പ്രകടിപ്പിക്കുന്നവരുമാകട്ടെ. അല്ലാഹു നമ്മുടെ കുറവുകൾ മറച്ചുവെച്ചുകൊണ്ട് നമുക്ക് പാരിതോഷികങ്ങൾ നല്കി അനുഗ്രഹിക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് വിധിക്കപ്പെട്ടിട്ടുള്ള വിജയങ്ങൾ അവൻ നമുക്ക് കാണിച്ചുതരുമാറാകട്ടെ. പുതിയതായി ഉദിച്ചുയരാൻ പോകുന്ന വർഷം ബർക്കത്തുകൾ കൊണ്ടുവരുന്നതാകട്ടെ. ശത്രുക്കളുടെ ഗൂഢപദ്ധതികൾ പരാജയപ്പെടുമാറാകട്ടെ. ഇപ്രാവശ്യം ഖാദിയാനിലെ ജൽസയിൽ പോകാൻ കഴിയാത്ത പാക്കിസ്താനിലെ അഹ്മദികൾക്കുണ്ടായിട്ടുള്ള വിഷമങ്ങൾ ദൂരീകരിക്കുമാറാകട്ടെ.

അൽജീരിയായിലെ അഹ്മദികളുടെ ബുദ്ധിമുട്ടുകളും അകറ്റുമാറാകട്ടെ. അവരിൽ ചിലർക്കെതിരിലും കള്ളക്കേസ്സുകളുണ്ട്. അവർ ജയിലുകളിൽ ഇപ്പോൾ തടവുകാരായിരിക്കുകയാണ്. അല്ലാഹു അവരേയും മോചിപ്പിക്കുമാറാകട്ടെ. ശത്രുക്കൾ അതിക്രമത്തിലും അക്രമപ്രവർത്തനങ്ങളിലും മുന്നേറുമ്പോൾ നമ്മളും നമ്മുടെ അവസ്ഥകളെ അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് വാർത്തെടുത്ത് ദുആകളിൽ കൂടുതൽ ശക്തി ചെലുത്തേണ്ടേ ആവശ്യമാണുള്ളത്. അല്ലാഹു നമുക്കതിനു തൗഫീഖ് നല്കുമാറാകട്ടെ.






## ചന്ദമുടക്കികൾ ഇസ്തിഗ്ഫാർ ചെയ്യണം

അമീറുൽമുഅ്മിനീൻ പറയുന്നു: 'ഇവിടേയും ഒരു അഹ്മദി സ്ത്രീയെ ഞാൻ കണ്ടു. താൻ തന്റെ മുഴുവൻ ആഭരണങ്ങളും ചന്ദയിലും മസ്ജിദ് ഫണ്ടിലും മറ്റു കാര്യങ്ങൾക്കും കൊടുത്തുവെന്നും പക്ഷേ, തന്റെ ഭർത്താവിന്റെ വീട്ടുകാർക്ക് ഇത് ഇഷ്ടപ്പെട്ടില്ലെന്നും അവർ തന്നോട് എന്തിനാണ് നീ ഇത് കൊടുത്തതെന്ന് ചോദിച്ചുകൊണ്ടിരിക്കുന്നുവെന്നും എന്നല്ല പല കുത്തുവാക്കുകളും താൻ സഹിക്കുന്നുവെന്നും പറഞ്ഞു. അല്ലാഹു തനിക്കുവേണ്ടി ത്യാഗം ചെയ്യുന്നവരെ കടാക്ഷിക്കുന്നു. അല്ലാഹുവിനുവേണ്ടി ത്യാഗം ചെയ്ത ആ സ്ത്രീയേയും ഇൻശാഅല്ലാഹ് അനുഗ്രഹിക്കുന്നതാണ്, ഒരുപാട് നല്കുന്നതാണ്. പക്ഷേ അവരെ അല്ലെങ്കിൽ മറ്റാരെയെങ്കിലും സാമ്പത്തികത്യാഗത്തിൽനിന്ന് തടയുന്നവർ ചിന്തിക്കേണ്ടതാണ്; ധനം കൊടുക്കുന്നതും നന്ദികേട് കാണിക്കുന്നവരിൽനിന്ന് അത് തിരിച്ചെടുക്കുന്നതും അല്ലാഹുവാണെന്നകാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക. അതുകൊണ്ട് ഇത്തരം ചിന്താഗതിയുള്ളവർ ധാരാളമായി ഇസ്തിഗ്ഫാർ ചെയ്യുക.'

(ഖുത്ബ ജുമുഅ 2016 നവംബർ 11)

# ഹദ്റത്ത്മാരിയഃ ഖിബ്ത്വിയഃ (റ)

*(അമത്തുൽഹഫീദ് റയ്ഹാൻ രചിക്കുകയും ലജ്ന ഇമായില്ലാഹ് പാക്കിസ്താൻ കുട്ടികൾക്കായി പ്രസിദ്ധീകരിക്കുകയും ചെയ്ത 'ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ റദിയല്ലാഹു അൻഹാ' എന്ന ലഘുകൃതിയോടു കടപ്പാട്)*

നമ്മുടെ പ്രിയങ്കരനായ നബി ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ) അല്ലാഹുവിന്റെ കല്പനയാൽ വിവിധ സമയങ്ങളിൽ ഒന്നിലധികം വിവാഹം കഴിക്കുകയുണ്ടായി. അവരെല്ലാവരും നബി(സ)തിരുമേനിയുടെ പരിശുദ്ധരായ ഭാര്യമാരായിരുന്നു. സത്യവിശ്വാസികളുടെ ഉമ്മമാരെന്നാണ് അവരെക്കുറിച്ച് അല്ലാഹു പറഞ്ഞിട്ടുള്ളത്.

ഇവിടെ ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യുടെ ജീവിത ചരിത്രമാണ് പറയുന്നത്. അതിനുമുമ്പേ ഇത്രമാത്രം വിവാഹം കഴിക്കാൻ അല്ലാഹു എന്തിനു നബി(സ)തിരുമേനിക്കു അനുവാദം നല്കി എന്നതിനെക്കുറിച്ച് അല്പം പറയട്ടെ!

നബി(സ)തിരുമേനിയുടെ ജോലി, ജനങ്ങളെ മതകാര്യങ്ങൾ പഠിപ്പിക്കുക എന്നതായിരുന്നു. അതുകൊണ്ടുതന്നെ അറിവും ദീനും പഠിക്കുന്നതിനുവേണ്ടി പുരുഷന്മാരുടെ ഒരു സംഘം എപ്പോഴും മസ്ജിദുന്നബ്വിയിൽ താമസിച്ചിരുന്നു. അസ്ഹാബുസ്സുഫ്ഫ എന്നാണ് അവർ അറിയപ്പെട്ടിരുന്നത്. നബി(സ) വീട്ടിൽനിന്ന് പള്ളിയിൽ വരുമ്പോൾ എന്താണോ പറയാറുണ്ടായിരുന്നത് അതെല്ലാം അവർ മനഃപാഠമാക്കുമായിരുന്നു. ഭൗതികമായ ഒരുജോലിയും അവർ ചെയ്യാറുണ്ടായിരുന്നില്ല. അവർ എപ്പോഴും മസ്ജിദുന്നബ്വിയിൽത്തന്നെ ഇരിക്കുകയും നബി(സ) യിൽനിന്ന് മതപരമായ കാര്യങ്ങൾ കേൾക്കുകയും മനസ്സിലാക്കുകയും ചെയ്തിരുന്നു.

നബി(സ)തിരുമേനിയുടെ നിർദേശമനുസരിച്ച് അറിവു സമ്പാദിക്കുക എന്നത് മുസ്‌ലിം പുരുഷനും സ്ത്രീയ്ക്കും നിർബന്ധമാണ്. മതപരമായ അറിവുനേടുക എന്നത് വളരെ നിർബന്ധമാണ്. മസ്ജിദുന്നബ്വിയിലിരുന്ന് മതകാര്യങ്ങൾ പഠിക്കാൻ പുരുഷന്മാർക്കു കഴിഞ്ഞു. പക്ഷേ, സ്ത്രീകൾക്കു അതു പഠിക്കാൻ സൗകര്യമൊന്നുമുണ്ടായിരുന്നില്ല. തങ്ങളുടെ യജമാനരിൽനിന്ന് മതകാര്യങ്ങൾ പഠിക്കണമെന്ന് സ്ത്രീകളും ആഗ്രഹിച്ചു. പക്ഷേ, എപ്പോഴും പള്ളിയിൽ വരാൻ അവർക്കു സാധിക്കുമായിരുന്നില്ല. അവർക്കു വീട്ടുകാര്യങ്ങൾ നോക്കാനും കുട്ടികളെ പോറ്റാനുമുണ്ടായിരുന്നു. അങ്ങനെ മുസ്‌ലിം സ്ത്രീകളുടെ ഈ അഭിലാഷം പൂർത്തിയാക്കാൻവേണ്ടി അല്ലാഹു നബി(സ)തിരുമേനിയെക്കൊണ്ട് ഒന്നിലധികം വിവാഹം ചെയ്യിക്കുകയായിരുന്നു. നബി(സ)തന്റെ ഭാര്യമാർക്കു മതപരമായ കാര്യങ്ങൾ പഠിപ്പിക്കുകയും ആ ഭാര്യമാർ മറ്റു വശ്വാസിനികളെ പഠിപ്പിക്കുകയും ചെയ്തു എന്നതാണ് അതുകൊണ്ടുള്ള മഹത്തായനേട്ടം.

ചുരുക്കം പറഞ്ഞാൽ നബി(സ)തിരുമേനിയുടെ സകല വിവാഹങ്ങളും മാതൃകാപരമായ ഇസ്‌ലാമിക സാമൂഹിക ജീവിതത്തിന്റെ രൂപീകരണത്തിന് നിമിത്തവും ഇസ്‌ലാം വ്യാപിക്കുന്നതിന് മാർഗവുമായിത്തീർന്നു.

ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യും നമ്മുടെ നബി(സ)യുടെ ഒരു പ്രിയപ്പെട്ട പത്നിയും സത്യവിശ്വാസികളുടെ മാതാവുമാണ്. എങ്ങനെയാണ് നബി(സ)തിരുമേനിയുടെ വിവാഹം അവരുമായി നടന്നതെന്ന് നോക്കാം. ഹുദയ്ബിയ എന്ന സ്ഥലത്തുവച്ച് നബി(സ)തിരുമേനിയും മക്കക്കാരും തമ്മിൽ ഒരു സന്ധി നടന്നിരുന്നു. ഇസ്‌ലാമിക ചരിത്രത്തിൽ 'ഹുദയ്ബിയസന്ധി' എന്ന പേരിലാണ് ഇതറിയപ്പെടുന്നത്. ഇസ്‌ലാമിക ചരിത്രത്തിൽ അതിനൊരു പ്രത്യേക പ്രധാന്യമുണ്ട്. ആ സന്ധിയോടെയാണ് നമ്മുടെ നബി(സ)തിരുമേനിയുടെ ജീവിതത്തിൽ പുതിയൊരു കാലഘട്ടം ആരംഭിക്കുന്നത്. ഈ പുതിയ കാലഘട്ടം സമ്പൂർണസമാധാനത്തിന്റേതായിരുന്നുവെന്ന് ഒരിക്കലും പറയാൻ പറ്റുകൂട. കാരണം അപ്പോഴും അറേബ്യയിലെ ധാരാളം ഗോത്രങ്ങൾ ഇസ്‌ലാമിന്നെതിരെ ഗൂഢതന്ത്രങ്ങൾ മെനഞ്ഞെടുക്കുകയായിരുന്നു. അറബികളിൽ ഖുറയ്ശീ ഗോത്രം കഅ്ബഃദേവാലയത്തിന്റെ മുത്തവല്ലി(ഭരണംനടത്തുന്നവർ)യായ കാരണത്താൽ പൊതുവെ എല്ലാ ഗോത്രങ്ങളെക്കാളും കൂടുതൽ ആദരണീയരായി മനസ്സിലാക്കപ്പെട്ടിരുന്നു. ഇസ്‌ലാമിന്നെതിരിൽ യുദ്ധത്തിന് തുടക്കം കുറിച്ചതും ഈ ഗോത്രക്കാരാണ്. അതുകൊണ്ടു ഖുറയ്ശികളുമായി സമാധാനസന്ധി ചെയ്തതിന്റെ ഫലമായി രാജ്യത്തിന്റെ ഒരു ഭാഗത്ത് താത്ക്കാലികമായ സമാധാനം തീർച്ചയായുമുണ്ടായി. ഈ താത്ക്കാലിക സമാധാനത്തിനു ശേഷം നബി(സ)തിരുമേനി ആദ്യം തന്നെ വിവിധ രാജ്യങ്ങളിലെ രാജാക്കന്മാർക്കും മന്ത്രിമാർക്കും പ്രബോധന കത്തുകൾ അയക്കാൻ തുടങ്ങി. ഹുദയ്ബിയ സന്ധി കഴിഞ്ഞുടനെ വിവിധ രാജ്യങ്ങളുടേയും രാജാക്കന്മാരുടേയും പേരിലെഴുതിയ ഈ കത്തുകൾ തെളിയിക്കുന്നത് നബി(സ) തിരുമേനിയുടെ യഥാർഥലക്ഷ്യം ഇസ്‌ലാമിക പ്രബോധനമായിരുന്നുവെന്നാണ്.

നബി(സ)തിരുമേനി അയച്ച തബ്‌ലീഗ് കത്തു മുഖൗഖസ് രാജാവിന് കിട്ടിയപ്പോൾ, അദ്ദേഹം അതിനു മറുപടി അയച്ചതിനോടൊപ്പം രണ്ടു പെൺകുട്ടികളുടെ പേരും അയച്ചിരുന്നു. അതിലൊന്ന് മാരിയഃയുടേതായിരുന്നു.

മിസ്റികളിൽ (ഈജിപ്ഷ്യർ) പൗരാണികമായൊരു സമ്പ്രദായം നിലനിന്നുപോന്നിരുന്നു. അവർ തങ്ങളുടെ ആദരണീയരായ അതിഥികളുമായുള്ള ബന്ധം ഊട്ടി ഉറപ്പിക്കാനുദ്ദേശിക്കുമ്പോൾ തങ്ങളുടെ കുടുംബത്തിലോ ജനതയിലോപെട്ട മാന്യരായ പെൺകുട്ടികളെ വിവാഹം കഴിച്ചു കൊടുക്കാറുണ്ടായിരുന്നു.

ഹദ്റത്ത് ഇബ്‌റാഹീം(അ) മിസ്റിൽ പോയപ്പോൾ അവിടത്തെ ഭരണാധികാരി അദ്ദേഹത്തിനും ഒരു മാന്യയായ പെൺകുട്ടിയെ (ഹദ്റത്ത് ഹാജറ) വിവാഹം കഴിക്കാൻ നല്കിയിരുന്നെന്നും പിന്നീടു അവർ ഹദ്റത്ത് ഇസ്മായീലിന്റെ ഉമ്മയായെന്നും ചരിത്രത്തിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്.

എന്തായാലും മുഖൗഖസ് രാജാവ് അയച്ച പെൺകുട്ടികൾ മദീനയിലെത്തിയപ്പോൾ ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യെ നബി(സ) വിവാഹം കഴിച്ചു. അവരുടെ സഹോദരി സീരീനിനെ സുപ്രസിദ്ധ അറേബ്യൻ കവിയായിരുന്ന ഹസ്സാൻ ബിൻ ഥാബിത്തിനും വിവാഹം ചെയ്തു കൊടുത്തു. ഈ അനുഗൃഹീത മഹതിയിൽനിന്നാണ് നബി(സ)തിരുമേനിക്ക് ഇബ്‌റാഹീം എന്ന കുട്ടി ജനിച്ചത്.

ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യുടെ പിതാവിന്റെ പേര് ശംഊൻ എന്നായിരുന്നു; മാതാവ് റോമക്കാരിയും. 'ഹഫൻ' എന്ന സ്ഥലത്താണ് മാരിയഃ ജനിച്ചത്. നല്ല പൊക്കവും ചെമപ്പും വെളുപ്പും ഇടകലർന്ന നിറവുമുള്ള മാരിയഃ സൗന്ദര്യവതിയായിരുന്നു.

അല്ലാമ ദഹ്ബി തന്റെ 'ഇഅ്ലാമുന്നിസാഅ്' എന്ന ഗ്രന്ഥത്തിലെഴുതിയിട്ടുള്ളത് ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ) തന്റെ കാലഘട്ടത്തിലെ ആലിം ഫാദിൽ(ഫാദിൽഡിഗ്രി)കരസ്ഥമാക്കിയ സ്ത്രീയായിരുന്നുവെന്നാണ്.

മുഖൗഖസ് രാജാവ് ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യേയും അവരുടെ സഹോദരി സീരീനിനേയും നബി(സ)തിരുമേനിയുടെ അടുക്കലേക്ക് അയച്ചപ്പോൾ, ആയിരം മിഥ്ക്കാൽ സ്വർണവും വെള്ളത്തുണിയുടെ 20 റോളും യാത്രചെയ്യാൻ 'വുൽദുൽ' എന്നു പേരുള്ള ഒരു കോവർക്കഴുതയും കൊടുത്തയച്ചിരുന്നു.

കോവർക്കഴുതയുടെ നിറം വെളുപ്പായിരുന്നു. നബി(സ)മിക്കപ്പോഴും അതിലായിരുന്നു യാത്ര ചെയ്യാറുണ്ടായിരുന്നത്. ഹുനയ്ൻ യുദ്ധത്തിലും നബി(സ) ആ കോവർക്കഴുതയിലാണ് യാത്ര ചെയ്തിരുന്നത്.

ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യും അവരുടെ സഹോദരി സീരീനും മിസ്റിൽനിന്ന് മദീന മുനവ്വറയിലേക്കു വരുമ്പോൾ അവരോടൊപ്പം ഇസ്‌ലാമിന്റെ മുബല്ലിഗായ ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽതഅഃയും ഉണ്ടായിരുന്നു. അദ്ദേഹം അവർക്കു ഇസ്‌ലാമിന്റെ കാര്യങ്ങൾ പറഞ്ഞു കൊടുത്തു. ഇസ്‌ലാമിന്റെ ഉദ്ദേശ്യവും അവർക്കു മനസ്സിലാക്കിക്കൊടുത്തു. ആ രണ്ടു സഹോദരിമാരേയും അതു നല്ലവണ്ണം സ്വാധീനിച്ചു. കാരണം ആദ്യമേ തന്നെ അവർ സൽസ്വഭാവക്കാരികളായിരുന്നു. ഇസ്‌ലാമിനെക്കുറിച്ചു കേട്ടപ്പോൾ അവരുടെ ഹൃദയത്തിൽ അതിനോടു സ്നേഹമുണ്ടായി. വഴിമദ്ധ്യേതന്നെ അവർ രണ്ടുപേരും ഹദ്റത്ത് ഹാത്വിബ് മുഖേന ഇസ്‌ലാം സ്വീകരിച്ചു.

നബി(സ) ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യെ നിക്കാഹ് ചെയ്ത് മസ്ജിദുന്നബ്വിയുടെ അടുത്ത് ഹദ്റത്ത് ഹാരിഥ് ബിൻ നുഅ്മാനിന്റെ (റ)വീട്ടിൽ താമസിപ്പിച്ചു. കുറച്ചു കഴിഞ്ഞ് അവരെ ആലിയ എന്ന സ്ഥലത്തുകൊണ്ടുപോയി. ആ സ്ഥലം പിന്നീടു 'മശ്റബഃ ഇബ്‌റാഹീം' എന്ന പേരിൽ പ്രസിദ്ധമായി. മാബൂർ എന്ന് പേരായ ഒരു മിസ്റി ഭൃത്യൻ ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യെ സേവിക്കാൻ വഖ്ഫ് ചെയ്തിരുന്നു. ഈ ഭൃത്യൻ ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യ്ക്ക് വെള്ളവും വിറകും എത്തിച്ചു കൊടുത്തിരുന്നു.

ഹിജ്റ എട്ടാം വർഷം ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ)യ്ക്ക് അല്ലാഹു മറ്റൊരു അനുഗ്രഹം നല്കി. അവരിൽ നബി(സ)തിരുമേനിക്ക് ചന്ദ്രനെപ്പോലെ വിളങ്ങുന്ന ഒരു മകൻ ജനിച്ചു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, ഹദ്റത്ത് ഇബ്‌റാഹീം(റ) ജനിച്ചപ്പോൾ ഹദ്റത്ത് ജിബ്‌രീൽ(അ) വന്ന് നബി(സ) തിരുമേനിയെ സംബോധന ചെയ്തു: 'അസ്സലാമു അലയ്ക്ക യാ അബാ ഇബ്‌റാഹീം.' ഇബ്‌റാഹീമിന്റെ പിതാവേ, അങ്ങയുടെമേൽ സമാധാനം. ഇപ്രകാരമാണ് നബി(സ) ഈ പ്രിയ പുത്രന് ഇബ്‌റാഹീം എന്നു പേരിട്ടത്. കുട്ടി ജനിച്ചുവെന്ന സന്തോഷവാർത്ത നബി(സ)തിരുമേനിയെ അറിയിച്ചത് ആ മഹാത്മാവിന്റെ ഒരു ഭൃത്യനായ അബൂറാഫിഅ് ആയിരുന്നു. വിവരം അറിഞ്ഞ് നബി(സ) വളരെ സന്തോഷിച്ചു. ഈ സന്തോഷത്താൽ നബി(സ) അബൂറാഫിഅ്ന് ഒരു ഭൃത്യനെ സമ്മാനമായി നല്കി. ഏഴാം ദിവസം അഖീഖഃ നടന്നു. മുടി വടിച്ചു. മുടിയുടെ തൂക്കത്തിനു സമാനം വെള്ളി ദാനം ചെയ്തു. മുടി മണ്ണിൽ കുഴിച്ചിട്ടു.

അറേബ്യയുടെ പൗരാണിക സമ്പ്രദായമനുസരിച്ച് സയ്യിദുനാ ഹദ്റത്ത് ഇബ്‌റാഹീം(റ)നെ പാലൂട്ടുന്നതിനായി ഉമ്മുബർദ നിശ്ചയിക്കപ്പെട്ടു. ഒരു കൊല്ലന്റെ ഭാര്യയായിരുന്നു അവർ. എപ്പോഴും പുക നിറഞ്ഞു നില്ക്കുന്ന അന്തരീക്ഷമായിരുന്നു അവിടെ. നബി(സ)തിരുമേനിയ്ക്ക് ഒടുവിലുണ്ടായ പുത്രനാണ് ഹദ്റത്ത് ഇബ്‌റാഹീം. അവനെ നബി(സ) ഒരുപാടു സ്നേഹിച്ചിരുന്നു. ഉമ്മുബർദയുടെ വിട്ടിൽ നബി(സ)പോകുകയും പുന്നാരമുത്തിനെയെടുത്ത് മടിയിലിരുത്തി ഓമനിക്കുകയും പതിവായിരുന്നു. ആ സന്ദർഭത്തിലെല്ലാം നബി(സ)യുടെ കണ്ണും മൂക്കും പുകകൊണ്ടു നിറയുമായിരുന്നു. പക്ഷേ, തന്റെ മോനുവേണ്ടി നബി(സ)തിരുമേനി എല്ലാം സഹിച്ചു.

ഹദ്റത്ത് ഇബ്‌റാഹീം(റ) 18 മാസമാണ് ജീവിച്ചത്. ഹദ്റത്ത് മാരിയഃ ഖിബ്ത്വിയാ(റ) തന്റെ മകനെ നല്ലവണ്ണം നോക്കി. രാത്രികൾ ഉറക്കമിളച്ചു. പക്ഷേ, ഇബ്‌റാഹീമിന്റെ ജീവിതദീപം മെല്ലെമെല്ലെ മങ്ങാൻ തുടങ്ങി. കുട്ടിയുടെ രോഗം മൂർച്ഛിച്ച വിവരമറിഞ്ഞപ്പോൾ നബി(സ)അവിടെയെത്തി. മോനെ എടുത്ത് മടിയിലിരുത്തി. വിതുമ്പിക്കൊണ്ടു പറഞ്ഞു, 'മോനേ ഇബ്‌റാഹീം! അല്ലാഹുവിന്റെ തീരുമാനത്തിൽനിന്ന് നിന്നെ രക്ഷിക്കാൻ ഉപ്പാക്കാവില്ല.'

(തുടരും)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-2 Thursday 2 February 2017 Issue-5

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# 2013 ഒക്ടോബർ 13 വെള്ളിയാഴ്ച കനഡയിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസുമായി നടന്ന വഖ്ഫെനൗ പെൺകുട്ടികളുടെ ക്ലാസ്സും വിലയേറിയ ഉപദേശങ്ങളും

വിശുദ്ധഖുർആൻ പാരായണത്തോടെ പരിപാടിയ്ക്ക് സമാരംഭം കുറിച്ചു. അസീസ നാജിയാ ഹസൻ തിലാവത്ത് ചെയ്തു. അതിന്റെ ഉർദു തർജമ അസീസ സിദ്റ സയ്യിദ് കേൾപ്പിച്ചു. അസീസ ബാസിമ സാജിദ് നബി(സ)യുടെ ഒരു ഹദീഥിന്റെ അറബിവാക്യം കേൾപ്പിച്ചു. അതിന്റെ ഉർദു തർജമ അസീസ സ്വദഫ് മിർസ വായിച്ചു. അസീസ ആനിസ നസീർ മിർസ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണിവായിച്ചു. അസീസ അദീല മുസ്സഫർ ഹദ്റത്ത് മസീഹ് മൗഊദിന്റെ പദ്യം ഈണത്തിൽ ആലപിച്ചു. അതിനുശേഷം അസീസ അസ്മാറ കായിനാത്ത്, അസീസ ലുബ്ന സലിം, അസീസ ദിയ ശഹ്സാദി, അസീസ സായിറ ശഫീഖ് എന്നിവർ 'ദീനിൽ സ്ഥിര ചിത്തത ഒരു വഖ്ഫെനൗ പെൺകുട്ടിയുടെ അടിസ്ഥാനഗുണം' എന്ന വിഷയത്തിൽ ചർച്ച നടത്തി. അതിനുശേഷം അമീറുൽ മുഅ്മിനീന്റെ അനുവാദത്തോടെ കുട്ടികൾ ചോദ്യം ചോദിച്ചു. ഒരു പെൺകുട്ടി ചോദിച്ചു: 'സ്വപ്നം സാത്താനികമാണോ ദൈവത്തിൽനിന്നുള്ളതാണോ എന്ന് എങ്ങനെയാണ് അറിയുക?'

അമീറുൽ മുഅമിനീൻ പറഞ്ഞു: മനഃശാസ്ത്രവിദഗ്ദ്ധർ പറയുന്നത് ഓരോ മനുഷ്യനും രാത്രിയിൽ മൂന്നുനാല് സ്വപ്നങ്ങൾ ഉണ്ടാകുന്നുവെന്നാണ്. കുറച്ച് ഓർമനില്ക്കും. കുറച്ച് മനുഷ്യൻ മറന്നുപോകും. അല്ലെങ്കിൽ മുഴുവനും മറന്നുപോകും. തങ്ങൾക്ക് സ്വപ്നങ്ങളൊന്നും ഉണ്ടായില്ലെന്ന് ചില ആളുകൾ പറയാറുണ്ട്. അവർ എത്രമാത്രം ഗാഢ നിദ്രയിലാണ് ഉറങ്ങുന്നതെന്നാൽ രാത്രിയിൽ എന്താണ് ഉണ്ടായിട്ടുള്ളതെന്ന് അവർക്ക് അറിയാനേ കഴിയുന്നില്ല. സ്വപ്നങ്ങൾ എല്ലാവർക്കും ഉണ്ടാകാറുണ്ട്. ചിലപ്പോൾ നല്ല സ്വപ്നങ്ങളുണ്ടാകും. മനുഷ്യന്റെ മനസ്സ് നല്ലതാണെങ്കിൽ അവന്റെ ചിന്താഗതികൾ നല്ലതാണെങ്കിൽ അവൻ നല്ല സ്വപ്നങ്ങൾ കണ്ടുകൊണ്ടേയിരിക്കും. ഇനി രാത്രിയിൽ നിങ്ങൾ വൃത്തികെട്ട ഫിലിമുകൾ കണ്ടുകൊണ്ടും അല്ലെങ്കിൽ മറ്റേതെങ്കിലും വ്യർഥമായ കാര്യങ്ങൾ കണ്ടുകൊണ്ടും ഉറങ്ങുകയാണെങ്കിൽ ചിലപ്പോൾ അതേരീതിയിലുള്ള സ്വപ്നങ്ങളായിരിക്കും ഉണ്ടാകുന്നത്. മനസ്സിൽ അക്കാര്യങ്ങളുടെ ഒരു മാനസികമായ സ്വാധീനമുണ്ടാകുന്നു. ചില സ്വപ്നങ്ങളുണ്ട്, അത് അല്ലാഹുവിന്റെ പ്രത്യേകമായനിലയിൽ ആരുടെയെങ്കിലും മാർഗ്ഗദർശനത്തിനുവേണ്ടി നല്കുന്നതാണ്. അതിൽ ചില സന്ദേശങ്ങളുണ്ടാകും. ചില കാര്യങ്ങൾ മനസ്സിലാകുകയില്ല. ഹദ്റത്ത് യൂസുഫിന്റെ കാലഘട്ടത്തിൽ ഇപ്രകാരം രാജാവ് സ്വപ്നം കണ്ടിരുന്നു. സ്വപ്നവ്യാഖ്യാതാക്കൾ പറഞ്ഞത് ഇത് നിങ്ങളുടെ മനസ്സിലെ ചിന്തകളാണെന്നാണ്. അതുകൊണ്ടാണ് ഇത്തരം സ്വപ്നങ്ങൾ കണ്ടതെന്ന്! ഏഴ് പശുക്കൾക്കും ഏഴ് കതിരുകൾക്കും ഒരു ഉദ്ദേശ്യവുമില്ല. ഹദ്റത്ത് യൂസുഫിന്റെ കൂടെയുണ്ടായിരുന്ന തടവുകാരിൽ ഒരാൾ മോചിതനായിരുന്നുവല്ലോ. രാജാവിനോട് പോയി തന്റെ കാര്യം പറയണമെന്ന് ഹദ്റത്ത് യൂസുഫ് അയാളോടു പറഞ്ഞിരുന്നു. അയാൾ രാജാവിന്റെ ഈ സ്വപ്നം കേട്ടപ്പോൾ ഹദ്റത്ത് യൂസുഫിനെ ഓർമവന്നു. ഹദ്റത്ത് യൂസുഫ് അതിനെ വ്യാഖ്യാനിച്ചു. ഏതുപോലെ നിങ്ങളിൽ നല്ലകാലം വരുമോ അതുപോലെ വരൾച്ചയുടെ കാലവും വരുന്നതാണ്. ഇക്കാലത്ത് നിങ്ങളുടെ നല്ല വിളവുകളുണ്ടാകുമ്പോൾ ആ വരൾച്ചയുടെ വർഷങ്ങളിലേക്ക് അത് സൂക്ഷിച്ചുവെക്കേണ്ടതാണ്. പിന്നീട് അമീറുൽ മുഅമിനീൻ ആ കുട്ടിയോട് പറഞ്ഞു: വിളവ് എന്താണ്? അമീറുൽ മുഅ്മിനീൻ പറഞ്ഞു. അത് ഗോതമ്പിന്റെ ഒരു ഭാഗമാണ്. അതിന്റെ ഉള്ളിൽ ധാന്യം നിറഞ്ഞിട്ടുണ്ടാകും. അതിനെ വിത്ത് എന്നാണ് പറയുക. എന്തായാലും അതൊരു സ്വപ്നമായിരുന്നു. അതിനെ ഹദ്റത്ത് യൂസുഫ് വ്യാഖ്യാനിച്ചു. പിന്നീട് വരൾച്ചയുണ്ടായി. ഹദ്റത്ത് യൂസുഫിനെ രാജാവ് തടവറയിൽനിന്ന് മോചിപ്പിച്ചു. അങ്ങനെ ഇത് അദ്ദേഹത്തിന് ഒരു മോചനത്തിനുള്ള മാർഗ്ഗമായിത്തീർന്നു. രാജാവ് അദ്ദേഹത്തെ തന്റെ ഫൈനാൻസ് മിനിസ്റ്ററാക്കി. വ്യാഖ്യാനം മനസ്സിലാകാത്ത ചില സ്വപ്നങ്ങളുമുണ്ട്. പക്ഷേ, ഹദ്റത്ത് യൂസുഫിന് അല്ലാഹു സ്വപ്നങ്ങളെക്കുറിച്ച് പ്രത്യേക അറിവ് നല്കിയിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന് സ്വപ്നം മനസ്സിലായി. മനുഷ്യർക്ക് അല്ലാഹു ചില നല്ല സ്വപ്നങ്ങൾ കാണിച്ചുകൊടുക്കുന്നു. അതിന്റെ സ്വാധീനം മനുഷ്യന്റെ മനസ്സിലുണ്ടാകുന്നു. അത് നല്ല സ്വപ്നമല്ലെങ്കിൽ അതിന്റെ ഫലം നല്ലതല്ലെന്ന് മനസ്സിൽ തോന്നിക്കുന്നു. ചില സ്വപ്നങ്ങളുടെ ഉദ്ദേശ്യം മനസ്സിലായില്ലായെന്ന്. ആരെങ്കിലും സ്വപ്നം കാണുമ്പോൾ അവരുടെ മനസ്സിൽ നല്ലതോ ചീത്തയോ ആയ സ്വാധീനമുണ്ടായാൽ രണ്ടവസ്ഥകളിലും ദാനധർമങ്ങൾ ചെയ്യുക എന്ന് അതുകൊണ്ടാണ് പറയുന്നത്. അത് സാത്താനിക സ്വപ്നങ്ങളാണെങ്കിൽ അത് എങ്ങനെയുള്ളതാകുമെന്നാൽ ഉദാഹരണത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) കള്ളപ്രവാചകനാണെന്ന് തങ്ങൾ സ്വപ്നം കണ്ടുവെന്ന് ചിലയാളുകൾ പറയാറുണ്ട്. ഈ സ്വപ്നം കണ്ടാൽ അത് സാത്താനിക സ്വപ്നമാണ്. ആ വ്യക്തി തനിക്കുശേഷം വരേണ്ടയാളാണെന്നും തന്റെ ദീനിനെ പ്രചരിപ്പിക്കേണ്ടയാളാണെന്നും നബി(സ) തിരുമേനിയുടെ ദീനിനെ ലോകത്ത് വീണ്ടും സ്ഥാപിക്കേണ്ടയാളാണെന്നും ഹദ്റത്ത് നബി(സ) പറഞ്ഞിട്ടുള്ളതാണ്. അയാളെ സംബന്ധിച്ച് നീ കള്ളനാണെന്ന് പറഞ്ഞാൽ അത് തികച്ചും തെറ്റാണ്. അല്ലാഹുവിന്റെ സഹായം എപ്പോഴും തന്നോടൊപ്പമുണ്ടെന്ന് പറഞ്ഞ് ഹദ്റത്ത് മസീഹ് മൗഊദ്(അ) വെല്ലുവിളിക്കുകയുണ്ടായി. അപ്പോൾ ഇത്തരത്തിലുള്ള സ്വപ്നങ്ങൾ സാത്താനിക സ്വപ്നമാണ്. സ്വപ്നമാണ്. ഒരാൾ സ്വപ്നം കണ്ടു അയാൾ കള്ളനാണെന്ന്. ആ സ്വപ്നം സാത്താനിക സ്വപ്നമാണ്. സ്വപ്നങ്ങളുടെ വ്യാഖ്യാനവും വിഭിന്നങ്ങളായിരിക്കും. ഉദാഹരണത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മൂന്നാമത്തെ മകനായ മിർസാ ശരീഫ് അഹ്മദ് സാഹിബ് ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് ചന്തയിൽ ഖബറടക്കിയിരിക്കുന്ന മുഹമ്മദ് അഹ്സൻ എന്ന് പേരുള്ള ഒരാളെ സ്വപ്നംകണ്ടു. ഇപ്പോൾ ചിലയാളുകൾ ഇത് നല്ല സ്വപ്നമാണെന്ന് പറയും. ആളുകൾ നാനാഭാഗത്തൂടെ നടക്കുന്നുണ്ടാകും. അദ്ദേഹത്തിന്റെ ഖബ്റിൽ ദുആ ചെയ്യുന്നുണ്ടാകും. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ഈ സ്വപ്നം പറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു: 'മുഹമ്മദ് അഹ്സൻ എന്നുപേരുള്ള ഒരു വ്യക്തി അഹ്മദിയ്യത്തിൽനിന്ന് ഒന്നുകിൽ മുർത്തദ്ദായിപ്പോകും അല്ലെങ്കിൽ മുനാഫിഖായിരിക്കും. പിന്നീട് ഒരു അവസ്ഥയുണ്ടായി. സ്വഹാബിയായിരുന്ന ഒരാൾ അദ്ദേഹത്തിന്റെ പേരും ഇതുതന്നെയായിരുന്നു, രണ്ടാം ഖിലാഫത്തിന്റെ കാലത്ത് ജമാഅത്ത് ഉപേക്ഷിച്ചുപോയി. അങ്ങനെ ഇക്കാര്യം പുലരുകയും ചെയ്തു. ഇപ്രകാരം സ്വപ്നങ്ങളുടെ സുദീർഘമായ വിശദീകരണങ്ങളാണുള്ളത്. പക്ഷേ, നിനക്ക് മനസ്സിലായാലും ഇല്ലെങ്കിലും നീ ദാനധർമങ്ങൾ ചെയ്യുക. കാരണം എല്ലാത്തിന്റേയും വ്യാഖ്യാനം എല്ലാവർക്കും മനസ്സിലാകുകയില്ല. അതിന്റെ ലളിതമായ ചികിത്സ എന്നു പറയുന്നത് നല്ലതാണെങ്കിലും ചീത്തയാണെങ്കിലും സ്വദഖ കൊടുക്കുക എന്നതാണ്. (തുടരും)

## ന്യൂക്ലിയർ റേഡിയേഷനും പ്രതിരോധ ഹോമിയോ മരുന്നും

ബഹുമാന്യ റാണാ സഊദ് സാഹിബ്

അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹൂ

താങ്കളുടെ കത്തു കിട്ടി. അതിൽ താങ്കൾ റേഡിയേഷന്റെ ദോഷഫലങ്ങളിൽ നനിന്ന് രക്ഷപ്പെടേണ്ടതിനുള്ള ഹോമിയോപ്പതി മരുന്നുകളെക്കുറിച്ച് ചോദിച്ചിരിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് റഹ്മഹുല്ലാഹ് പാക്കിസ്താന്റെ ആറ്റമീ പരീക്ഷണത്തിന്റെ അവസരത്തിൽ പാക്കിസ്താനിലെ അഹ്മദികൾക്ക് മരുന്നുകൾ കൊടുത്തിരുന്നു. ഞാൻ തന്നെയും അതുപയോഗിച്ചിരുന്നു. എന്റെ ഭാര്യയും മക്കളും ഉത് ഉപയോഗിച്ചിരുന്നു. ആ മരുന്നുകളുടെ വിശദവിവരമാണ് താഴെ ചേർക്കുന്നത്.

ഹുവശ്ശാഫീ

| | |
|---|---|
| *ആദ്യത്തെ ആഴ്ച* | **Carcinosin CM** |
| *രണ്ടാമത്തെ ആഴ്ച* | **Radium Bromide CM** |
| *മൂന്നാമത്തെ ആഴ്ച* | **Carcinosin CM** |
| *നാലാമത്തെ ആഴ്ച* | **Radium Bromide CM** |

12 വയസ്സിന് താഴെ പ്രായമുള്ളവർക്ക് മുകളിൽ പറഞ്ഞ പ്രകാരംതന്നെ 1M -ൽ കൊടുക്കുക. അല്ലാഹു എല്ലാ അഹ്മദികളേയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ആമീൻ

വസ്സലാം

ഖലീഫത്തുൽ മസീഹ് അൽഖാമിസ്

കോപ്പി: PS ഓഫീസ് ലണ്ടൻ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin